**ഐപ്പ് കുഞ്ഞുവറിയത് സന്തതി പരമ്പര**

(പഴങ്ങാട്ട്പ്പറമ്പ് )

**<u>കുഞ്ഞുവറിയത്</u>**

നാലാം തലമുറയിൽപെട്ട കുഞ്ഞുവറീത് മുരിങ്ങൂർ വടക്കുംപാടൻ ദേവസ്സി മകൾ ത്രേസ്യയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഔസേപ്പ് (Very Rev. Fr. Joseph Irimpan), കുഞ്ഞുവാറു , ഗീവർഗ്ഗീസ് ,ദേവസ്സി എന്നിങ്ങനെ നാല് ആൺ മക്കളും, സൂസന്ന (Rev.Sr. Susanna), യൗസേബ്യ (Rev. Sr. Ousebia), ത്രേസ്യാക്കുട്ടി എന്നിങ്ങനെ മൂന്ന് പെൺമക്കളും ജനിച്ചു.

**<u>Very Rev. Fr. Joseph Irimpan.</u>**

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ മൂത്തമകനായി 22.03.1884 ൽ ഔസേപ്പ് (V.Rev.Fr. Joseph Irimpan) ജനിച്ചു. 1908 ൽ വൈദീകപഠനം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ചു. രൂപത ആലോചനസമിതി അംഗം, തികഞ്ഞ പ്രാസംഗീകൻ, സംഗീതജ്ഞൻ, വാസ്തു കലാവിദഗ്ധൻ, ഭരണ നിപുണൻ എന്നീ നിലകളിൽ അവിഭക്ത തൃശൂർ രൂപതയ്ക്ക് എന്നും സ്മരിയ്ക്കാവുന്ന നല്ല ഒരു വൈദീകനായിരുന്നു. ഒല്ലൂർ, ചാലക്കുടി തുടങ്ങിയ ഫൊറോനകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.



**Very Rev. Fr. Joseph Irimpan**.

ചാലക്കുടിയിലെ തിരുഹൃദയ ക്ലാരമഠവും, പോട്ടയിലെ വി.കൊച്ചുത്രേസ്യയുടെ നാമധേയത്തിലുള്ള പഴയ പള്ളിയും അദ്ദേഹത്തിന്റെ ശാശ്വത സ്മാരകങ്ങളായി കരുതാം. 1957 നവംബർ മാസം 9ാം തിയതി ഈ വന്ദ്യ വൈദീകൻ കർത്താവിൽ നിദ്രപ്രാപിച്ചു.

<u>**സൂസന്ന (**Rev. Sr. Susanna C.M.C**)**</u>

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ രണ്ടാമത്തെ മകളായി സൂസന്ന 1886 ൽ ജനിച്ചു.



Rev.Sr.Susanna CMC.

1911 ൽ കർമ്മലിത്ത സന്യാസിനി സമൂഹത്തിൽ അംഗമായി Rev. Sr. Susanna എന്ന നാമധേയം സ്വീകരിച്ച് സഭാ വസ്ത്രം സ്വീകരിച്ചു. 84ാം വയസ്സിൽ വാർദ്ധ്യക്യ സഹജമായ രോഗം മൂലം ഇരിങ്ങാലക്കുട മഠത്തിൽ വച്ച് മരണമടഞ്ഞു. വിവേകം, കൃത്യനിഷ്ഠ, കീഴ്‌വഴക്കം എന്നീ സുകൃതങ്ങളാൽ പരിശോഭിതയായിരുന്നു. ഈ

സുകൃതിനി. ആശ്രമാധിപ, കേന്ദ്രസമിതി കൗൺസിലർ എന്നീ ഉത്തരവാദിത്വപ്പെട്ട ജോലികളിലൂടെ തന്റെ കർമ്മ കുശലതയും ബുദ്ധി വൈഭവവും പ്രകടമാക്കിയിരുന്നു.

## കുഞ്ഞുവറിയത് കുഞ്ഞുവാറു

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ മൂന്നാമത്തെ മകനായി കുഞ്ഞുവാറു ജനിച്ചു. പരമ ഭക്തനായിരുന്ന അദ്ദേഹം ഒരു പൊതു സമ്മതനും നയതന്ത്രജ്ഞനുമായിരുന്നു. പൂവ്വത്തുശ്ശേരി പഴയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. മേലഡൂർ തെക്കേക്കര കൊച്ചു വറിയത് മകൾ താണ്ടമ്മയായിരുന്നു കുഞ്ഞുവാറുവിന്റെ ഭാര്യ.



കുഞ്ഞുവാറു താണ്ടമ്മ

ഈ ദമ്പതിമാർക്ക് കുഞ്ഞുവറിയത്, മാർഗ്രറ്റ് (Rev. Sr. Cordula), കൊച്ചൗസേപ്പ്, ഐപ്പ് (Bishop Mar. Joseph Irimpan), ദേവസിക്കുട്ടി, ആന്റണി (V.Rev. Fr. Antony Irimpan) എന്നീ ആറു മക്കളായിരുന്നു.

## കുഞ്ഞുവറിയത്

കുഞ്ഞുവാറു താണ്ടമ്മ ദമ്പതികളുടെ മൂത്തമകനായി കുഞ്ഞുവറിയത് 10-1-1910ന് ജനിച്ചു. പൂവ്വത്തുശ്ശേരി, മൂഴിക്കുളം, ചൂണ്ടാംതുരുത്ത് എന്നിവിടങ്ങളിൽ സ്കൂൾ വിദ്യഭാസവും, ചങ്ങനാശ്ശേരിയിൽ അദ്ധ്യാപന പരിശീലനവും പൂർത്തിയാക്കി പൂവ്വത്തുശ്ശേരി സെന്റ് ജോസഫ്സ് സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. നാലു വർഷം അദ്ധ്യാപകനായും നാൽപത് വർഷം പ്രധാന അദ്ധ്യാപകനായും ഇതേ സ്കൂളിൽ സേവനം അനുഷ്ഠിച്ച് 1970ൽ കുഞ്ഞുവറിയത് റിട്ടയർ ചെയ്തു. നായത്തോട് പറൂക്കാരൻ പടയാട്ടി കോരത് മകൾ മറിയത്തെ കുഞ്ഞുവറിയത് വിവാഹം കഴിച്ചു. ഈ ദാമ്പത്യത്തിൽ രണ്ട് മക്കൾ ത്രേസ്യാമ്മ(സി. ട്രിനിറ്റ), പാപ്പച്ചൻ ജനിച്ചു. പാപ്പച്ചൻ ചെറുപ്രായത്തിൽ മരിച്ചു. ഏറെ താമസിയാതെ ഭാര്യ മറിയവും അകാല ചരമമടഞ്ഞു. കുണ്ടൂർ അയിനിക്കൽ ലോനാക്കുഞ്ഞി മകൾ റോസിയെ കുഞ്ഞുവറിയത് രണ്ടാം വിവാഹം കഴിച്ചു. റോസി അന്നമനട ഗവ.സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച് 1975ൽ റിട്ടയർ ചെയ്തു. ഈ ദാമ്പത്യത്തിൽ സോഫി, ജെസ്സി, ഡെയ്സി, ജോർജ്ജ്, ലിറ്റിൽ ട്രീസ എന്നീ അഞ്ച് മക്കളാണ് ഉള്ളത്.കുഞ്ഞുവറിയത് 92-ാം വയസ്സിലും (17-08-2001) റോസി 98-ാം വയസ്സിലും (2.1.2018 ) നിര്യാതരായി.



കുഞ്ഞുവറിയത് റോസി

**ത്രേസ്യാമ്മ - (Rev. Sr. ട്രിനിറ്റ FCC.)**

കുഞ്ഞുവറിയത് മറിയം ദമ്പതികളുടെ മൂത്തമകളായി 30-7-1939 ൽ ത്രേസ്യാമ്മ -(Rev.Sr.ട്രിനിറ്റ FCC.) ജനിച്ചു. 26-7-1960 ൽ ഫ്രാൻസിസ്കൻ ക്ലാര സന്ന്യാസിനി സമൂഹത്തിൽ അംഗമായി. 22-5-1961 സിസ്റ്റർ ട്രിനിറ്റ എന്ന നാമധേയം സ്വീകരിച്ച് സഭാ വസ്ത്രം സ്വീകരിച്ചു. 23-5-1962ൽ നിത്യവ്രതാർപ്പണം നടന്നു. തൃശൂർ മേരി ഇമാക്കുലേറ്റ്, കരാഞ്ചിറ സെന്റ് പയസ്, ചാലക്കുടി എസ്.എച്ച്, വെങ്ങിണിശ്ശേരി, മറ്റം, പടിഞ്ഞാറെ ചാലക്കുടി, കോപ്ലിപ്പാടം, തുരുത്തിപ്പറമ്പ് എന്നീ മഠം വക സ്കൂളുകളിൽ അദ്ധ്യാപികയായും, പ്രധാന അദ്ധ്യാപികയായും സേവനം അനുഷ്ഠിച്ച് റിട്ടയർ ചെയ്തു. മറ്റം, കോപ്ലിപ്പാടം, പൊയ്യ, പുളിപ്പറമ്പ്, വെള്ളിക്കുളങ്ങര, കാരൂർ, ചെമ്മണ്ട,കരാഞ്ചിറ എന്നി മഠങ്ങളിൽ മദർ സുപ്പീരിയർ ആയി സേവനം ചെയ്ത്

ഇപ്പോൾ കരുവന്നൂർ FC മഠത്തിൽ വിശ്രമജീവിതംനയിക്കുന്നു. നിത്യവ്രതാർപ്പണത്തിന്റെ സുവർണ്ണ ജൂബലി 2012 ൽ ആഘോഷിച്ചു.



**(Rev. Sr. ട്രിനിറ്റ FCC.)**

<u>**സോഫി**</u>

കുഞ്ഞുവറിയത് റോസി ദമ്പതികളുടെ മൂത്ത മകളാണ് സോഫി. പാലിശ്ശേരി SNDP ഹൈസ്കൂളിലും, ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലും വിദ്യഭാസം പൂർത്തിയാക്കി. കൽപ്പറമ്പ് പുന്നാംപറമ്പിൽ ഊക്കൻ തോമസ് ചെറിയാൻ സോഫിയെ വിവാഹം കഴിച്ചു. യൂണിററ് ട്രസ്റ്റ് ഓഫ് ഇൻഡ്യയിൽ ചെറിയാൻ സേവനം അനുഷ്ഠിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്ത മകൾ റോസ്മേരി M.A ബിരുദ ധാരിയാണ്. കൊങ്ങോർപ്പിള്ളി കോയിത്തറ ആന്റണി ജോപ്പൻ റോസ്മേരിയെ വിവാഹം കഴിച്ചു. ജോപ്പൻ എറണാകുളത്ത് മെഡിക്കൽ ഷോപ്പ് നടത്തുന്നു. ഇളയ മകൾ താര B.A, B.Ed. കരാഞ്ചിറ സെന്റ് ജോർജ് സ്കൂളിൽ അദ്ധ്യാപികയാണ്. പാവർട്ടി ഇടക്കുളത്തൂർ ജോസ് മകൻ ടിൻസൻ താരയെ വിവാഹം കഴിച്ചു. ടിൻസൻ ഇരിങ്ങാലക്കുടയിൽ ഇലക്ട്രോണിക്സ് വ്യവസായം നടത്തുന്നു.



ചെറിയാൻ സോഫി കുടുംബം.

<u>**ജെസ്സി**</u>

കുഞ്ഞുവറിയത് റോസി ദമ്പതികളുടെ രണ്ടാമത്തെ മകളാണ് ജെസ്സി. പാലിശ്ശേരി SNDP.ഹൈസ്കൂളിൽ വിദ്യാഭ്യാസം നടത്തി. ഇരിങ്ങാലക്കുട ആലങ്ങാടൻ ലോനപ്പൻ വാറുണ്ണി ജെസ്സിയെ വിവാഹം കഴിച്ചു. കോട്ടപ്പുറത്ത് റേഷൻ അരി മൊത്തവ്യാപാരം വാറുണ്ണി നടത്തിയിരുന്നു. ഈ ദമ്പതിമാർക്ക് മൂന്ന് മക്കൾ. മൂത്ത മകൻ ആന്റോ V. ആലങ്ങാടൻ MBA. ബിരുദധാരിയാണ്. ഇപ്പോൾ ICICI Insurance Company Thrissur Division ന്റെ സാരഥിയാണ്. മൂന്നുപീടിക പടിഞ്ഞാറേത്തല ഡേവീസ് മകൾ ആശ( M.A, B.Ed )യെ വിവാഹം കഴിച്ചു. രണ്ടാമത്തെ മകൻ ജോർജ്ജ് V. ആലങ്ങാടൻ ദുബായ് Logistics ൽ Chartered Accountant ആയി സേവനം അനുഷ്ഠിക്കുന്നു. ചക്കരക്കടവ് മാഞ്ഞൂരാൻ തോമാസ് മകൾ സോളയെ വിവാഹം കഴിച്ചു. കംപ്യൂട്ടർ എഞ്ചിനിയർ ആയ സോള ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നു. വാറുണ്ണി ജെസ്സി ദമ്പതികളുടെ ഇളയ മകൾ മരിയ M.A, B.Ed ബിരുദധാരിയാണ്.വൈക്കം വെട്ടിക്കാപ്പിള്ളി തോമസ് സേവ്യർ MBA, മരിയയെ വിവാഹം കഴിച്ചു. ഇവരുടെ കുടുംബം ഇപ്പോൾ സിങ്കപ്പൂരിലാണ്. 11-8-1998 ൽ വാറുണ്ണി അകാല ചരമമടഞ്ഞു.





വാറുണ്ണി ജെസ്സി കുടുംബം.

## ഡെയ്സി

കുഞ്ഞുവറിയത് റോസി ദമ്പതികളുടെ മൂന്നാമത്തെ മകളാണ് ഡെയ്സി. പാലിശ്ശേരി SNDP ഹൈസ്കൂളിലും തുടർന്ന് സംസ്കൃത അദ്ധ്യാപന പരിശീലന പഠനവും പൂർത്തിയാക്കി. തൃശ്ശൂർ ഊക്കൻ ജോർജ്ജ് ഡേവീസ് B.A. ഡെയ്സിയെ വിവാഹം കഴിച്ചു



ഡവീസ് – ഡെയ്സി കുടുംബം.

ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മൂത്ത മകൻ രഞ്ചിത് ഡേവീസ് MBA. ബിരുദധാരിയാണ്. ഇപ്പോൾ DLF. Bangalore Division Marketing Officer ആയി സേവനം അനുഷ്ഠിക്കുന്നു. ഒആഅ. ബിരുദധാരിയായ കാട്ടൂർ പുത്തനങ്ങാടി വർഗീസ് മകൾ മിനുവാണ ഭാര്യ. ഇവരുടെ കുടുംബം ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ റോസ്മിൻ B.Tech. ആണ്. പുത്തൻചിറ പാനികുളം ജോൺ സൈജു B.Tech. റോസ്മിനെ വിവാഹം കഴിച്ചു. ഇരുവരും തിരുവനന്തപുരത്ത് Software Engineers ആയി സേവനം അനുഷ്ഠിക്കുന്നു. ഡേവീസ് ഡെയ്സി ദമ്പതികളുടെ ഇളയ മകൾ ജാസ്മിൻ M.Tech. ആണ്. വേലൂപ്പാടം പുത്തൂർ Adv. P.D.Chakko മകൻ ലിജോ B.Tech. ജാസ്മിനെ വിവാഹം കഴിച്ചു. ജാസ്മിൻ ഇപ്പോൾ കൊടകര Sahrudhaya Engineering College ൽ Associate Professor ആയി സേവനം അനുഷ്ഠിക്കുന്നു. Shalom TV. Telecasting Engineer ആയി ലിജോ കോഴിക്കോട് ജോലി ചെയ്യുന്നു.

**ജോർജ്ജ് M.A, LLB**

കുഞ്ഞുവറിയത് റോസി ദമ്പതികളുടെ ഏക മകനാണ് ജോർജ്ജ്. പാലിശ്ശേരി SNDP ഹൈസ്കൂളിലും, കളമശ്ശേരി സെന്റ് പോൾസ് കോളേജ്, ആലുവ യൂണിയൻ ക്രസ്ത്യൻ കോളേജ്, തിരുവനന്തപുരം ജനറൽ അക്കാഡമി, പൂന A.K.ഖാൻ മെമ്മോറിയൽ ലോ കോളേജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി.

ഇരിങ്ങാലക്കുട രൂപത കാത്തലിക് യൂത്ത് മൂവ്മെന്റ് സിന്റിക്കേറ്റ് മെമ്പർ, കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്, പാലക്കാട്, തൃശൂർ, ഇരിങ്ങാലക്കുട, എറണാകുളം എന്നീ രൂപതകളുടെ റീജിനൽ കോർഡിനേറ്റർ, വെർജിൻ കോക്കനട്ട് ഓയിൽ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ അങ്കമാലിയിൽ വ്യവസായം നടത്തുന്നു. ചേരനല്ലൂർ നെടുംകണ്ടത്തിൽ ജോയി ജോസഫ് മകൾ സപ്ന B.Sc, B.Ed യെ ജോർജ്ജ് വിവാഹം കഴിച്ചു. സ്നേഹഗിരി ഹോളി ചൈൽഡ് ഹൈസ്കൂൾ അദ്ധ്യാപികയായി സപ്ന സേവനം അനുഷ്ഠിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആന്റസ് ജോർജ്ജ്, ജോയസ് ജോർജ്ജ്.

**ആന്റസ് ജോർജ്ജ്**

ജോർജ്ജ് സ്വപ്ന ദമ്പതിമാരുടെ മൂത്ത മകനായ ഡോക്ടർ ആന്റസ് ജോർജ് ഇപ്പോൾ ഇന്ത്യൻ എയർഫോഴ്സ് ഡൽഹിയിൽ സേവനം അനുഷ്ഠിക്കുന്നു. ആലപ്പുഴ ബംഗ്ലാവ് പറമ്പിൽ ജോർജിന്റെ മകൾ ഡോക്ടർ അനു മെറീനയെ വിവാഹം കഴിച്ചു. ഡോക്ടർ അനു മെറീന ഇപ്പോൾ ഗുഡലൂർ ഗവൺമെൻറ് മെഡിക്കൽ കോളേജിൽ MD ക്ക് പഠിക്കുന്നു.



ജോർജ്ജ് സ്വപ്ന ദമ്പതിമാരുടെ ഇളയ മകനായ ഡോക്ടർ ജോയ്സ് ജോർജ് ഇപ്പോൾ രാജഗിരി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

**ലിറ്റിൽ ട്രീസ**

കുഞ്ഞുവറിയത് റോസി ദമ്പതികളുടെ ഇളയ മകൾ. പാലിശ്ശേരി SNDP ഹൈസ്കൂളിലും, ആലുവ സെന്റ് സേവ്യേഴ്സ് കോളേജിലും പഠനം പൂർത്തിയാക്കി. മള്ളുശ്ശേരി പൈനാടത്ത് ഐപ്പ് മകൻ ബാബു M.Com ലിറ്റിൽ ട്രീസയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്ത മകൾ ശാന്തി ബാബു B.Sc. Nursing ബിരുദധാരിയാണ്. ശാന്തിയെ അയിരൂർ ചിറക്ക മണവാളൻ ജോൺസൻ മകൻ ജോസഫ് വിവാഹം കഴിച്ചു. ഈ ദമ്പതികൾ ഇപ്പോൾ യുകെയിൽ ജോലി ചെയ്യുന്നു. ഇളയ മകളായ റോസിനെ വാഴക്കുളം പുത്തൻവീട്ടിൽ സുരേഷ് മകൻ സുനിൽ ബിടെക് വിവാഹം കഴിച്ചു. ഈ ദമ്പതികൾ ഇപ്പോൾ യുകെയിൽ ജോലി ചെയ്യുന്നു.



**മാർഗ്രറ്റ് (Rev. Sr. Cordula).**

കുഞ്ഞുവാറു താണ്ടണ്ടമ്മ ദമ്പതികളുടെ ഏക മകളായി മാർഗ്രറ്റ് 22/4/1912ൽ ജനിച്ചു. 1928 ൽ ഫ്രാൻസിസ്കൻ ക്ലാര സന്ന്യാസിനി സമൂഹത്തിൽ അംഗമായി. 27/5/1931ൽ Rev.Sr. കൊർദ്ദൂല എന്ന നാമധേയം സ്വീകരിച്ച് സഭാ വസ്ത്രം സ്വീകരിച്ചു. 9/9/1935 ൽ നിത്യ വ്രതാർപ്പണം നടന്നു.



മാർഗ്രറ്റ് (Rev.Sr.Cordula).

1931 ൽ അദ്ധ്യാപികയായി തന്റെ പ്രേഷിത പ്രവർത്തനം ആരംഭിച്ച Rev. Sr. കൊർദ്ദൂല ചാലക്കുടി SH, പെരിഞ്ഞോട്ടുകര സെറാഫിക്, തൃശൂർ സെന്റ് ക്ലെയേഴ്സ്, വെള്ളിക്കുളങ്ങര പ്രസന്റേഷൻ എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും ഹെഡ്മിസ്ട്രസ്സായും സ്തുത്യർഹമായ സേവനം കാഴ്ചവെച്ചു. 1973ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും സിസ്റ്റർ വിരമിച്ചു. ഫ്രാൻസിസ്കൻ ക്ലാര സഭയുടെ പ്രഥമ അസിസ്റ്റന്റ് ജനറൽ, അവിഭക്ത തൃശൂർ അസീസി പ്രൊവിൻസിന്റെ കൗൺസിലർ, വെള്ളിക്കുളങ്ങര സെറാഫിക് സോഷ്യൽ സെന്ററിന്റെ പ്രഥമ പ്രിൻസിപ്പൽ, തൃശൂർ, പെരിഞ്ഞോട്ടുകര, വെള്ളിക്കുളങ്ങര എന്നീ കോൺവെന്റുകളിൽ ദീർഘകാലം സുപ്പീരിയർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു.

തികഞ്ഞ അർപ്പണ മനോഭാവവും ആത്മീയതയും നിറഞ്ഞ മാതൃകാപരമായ സാക്ഷ്യ ജീവിതത്തിലൂടെ തന്റെ ശിക്ഷ്യ ഗണത്തെ ദൈവത്തിലേക്ക് ആനയിക്കുവാൻ Rev.Sr. കൊർദ്ദൂലക്ക് സാധിച്ചിട്ടുണ്ട്. 22/5/1982ൽ ഈ സഹോദരിയുടെ സുവർണ്ണ ജുബലി ആഘോഷിച്ചു.

വിശുദ്ധി നിറഞ്ഞ സിസ്റ്റർ കൊർദ്ദൂലയുടെ ജിവിതം പോലെയായിരുന്നു അന്ത്യവും. തന്റെ ഇളയ സഹോദരൻ ഫാദർ ആന്റണി ഇരിമ്പനിൽ നിന്നും അന്ത്യ കൂദാശകൾ സ്വീകരിച്ച് ഞാൻ കർത്താവിനെ കണ്ടു എന്ന് പറഞ്ഞ് പുഞ്ചിരിയോടെ, ബ.മദർ പ്രൊവിൻഷ്യളമ്മയുടേയും ബ.മദറിന്റേ യും, സ്വന്തം കൂടുംബാഗംങ്ങളുടേയും സാന്നിദ്ധ്യത്തിൽ 2001 ഡിസംബർ 6ന് ദിവംഗതയായി. ചരമ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ബഹു. കൊർദ്ദുലാമ്മ വിശുദ്ധയായിത്തീരാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിച്ച് നമുക്ക് ഈ അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിക്കാം.

**<u>കൊച്ചൗസേപ്പ്</u>**

കുഞ്ഞുവാറു താണ്ടമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി കൊച്ചൗസേപ്പ് ജനിച്ചു. പൂവ്വത്തുശ്ശേരിയിൽ തുണി വ്യാപാരം നടത്തിയിരുന്നു. നായത്തോട് പയ്യപ്പിള്ളി കൊളുവൻ വർക്കി മകൾ മറിയമായിരുന്നു ഭാര്യ . ഈ ദാമ്പത്യത്തിൽ കുഞ്ഞുവാറു, വർക്കി, താണ്ടു, മേരിക്കുഞ്ഞ് എന്നീ നാല് മക്കളാണ്. മറിയം 18.11.1957ലും, കൊച്ചൗസേപ്പ് 12-07-1982 ലും നിര്യാതരായി.



**<u>കുഞ്ഞുവാറു</u>**

കൊച്ചൗസേപ്പ് മറിയം ദമ്പതികളുടെ മൂത്തമകൻ പ്രാഥമിക എഞ്ചിനിയറിഗ് പഠനശേഷം Kalamassery HMT യിൽ സേവനം അനുഷ്ഠിച്ചു. അരിമ്പൂർ ചാലിശ്ശേരി അന്തോണി പുഷ്പമാണ് ഭാര്യ. ഈ ദാമ്പത്യത്തിൽ ജോഷി, ആന്റു, റവ.ഫാദർ സീജോ എന്നീ മൂന്നു മക്കളാണ്. പുഷ്പം 15.02.1994ൽ അകാല ചരമമടഞ്ഞു.



പുഷ്പം

തുടർന്ന് തെക്കൻ പറവൂർ പുത്തൻപുരയ്ക്കൽ ചെറിയാൻ ജോൺ മകൾ മേരിക്കുട്ടിയെ കുഞ്ഞുവാറു രണ്ടാം വിവാഹം കഴിച്ചു. കുഞ്ഞുവാറു 28.06.2022 ൽ നിര്യാതനായി



കുഞ്ഞുവാറു മേരിക്കുട്ടി

**<u>ജോഷി</u>**

കുഞ്ഞുവാറു പുഷ്പം ദമ്പതികളുടെ മൂത്ത മകനാണ് ജോഷി. ഇലക്ട്രാണിക് വിദ്യാഭ്യാസത്തിന് ശേഷം സർവ്വീസ് എൻജിനിയറായി സേവനം അനുഷ്ഠിച്ചിരുന്നു.ഇപ്പോൾ സെൻറ് ജെയിംസ് ഹോസ്പിറ്റൽ ചാലക്കുടിയിൽ അസറ്റ് മാനേജരായി ജോലി ചെയ്യുന്നു. .
മൂവാറ്റുപുഴ പൂനാട്ട് വർക്കി മകൾ ബിൻസിയാണ് ഭാര്യ. ആൻമരിയ, മിലൻ എന്നീ രണ്ട് മക്കളാണ് ഇവർക്കുള്ളത്.



ജോഷി     ബിൻസി    ആൻമരിയ    മിലൻ

കുഴുപ്പിള്ളി   ചിയ്യേടത്തു വീട്ടിൽ  ഔസേപ്പച്ചൻ മകൻ കെവിൻ ,  ആൻമരിയയെ   വിവാഹം കഴിച്ചു.

**ആന്റു**

കുഞ്ഞുവാറു പുഷ്പം  ദമ്പതിമാരുടെ രണ്ടാമത്തെ മകനാണ് ആന്റു. ഇലക്ട്രാണിക് വിദ്യാഭ്യാസം പൂർത്തി യാക്കി.. മുളംതുരുത്തി  തെക്കേപ്പുറത്ത് മയാലിൽ മാത്തു സിനിയാണ് ഭാര്യ. ഇപ്പോൾ ഈ കുടുബം സിങ്കപ്പൂരിൽ ജോലി ചെയ്യുന്നു. എബിൻ ഇവരുടെ മകനാണ്.  സിനി 17.04.2025 ൽ നിര്യാതയായി.



ആന്റു     സിനി     എബിൻ

**റവ. ഫാദർ സീജോ ഇരിമ്പൻ**

കുഞ്ഞുവാറു പുഷ്പം  ദമ്പതികളുടെ ഇളയ മകനായി 29.04.1976ൽ റവ. ഫാദർ സീജോ ഇരിമ്പൻ ജനിച്ചു. പൂവ്വത്തുശ്ശേരി NLP സ്കൂളിലും, പാലിശ്ശേരി SNDP ഹൈസ്കൂളിലും പ്രഥമിക വിദ്യഭാസം നടത്തി. തുടർന്ന് ഇരിങ്ങാലക്കുട St. Paul's മൈനർ സെമിനാരിയിലും കോട്ടയം വടവാതൂർ St.Thomas അപ്പസ്തോലിക് സെമിനാരിയിലുമായി വൈദീക പഠനം പൂർത്തിയാക്കി. 2002 ജനുവരി 1-ാം തിയതി ഇരിങ്ങാലക്കുട രൂപത മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിൽ നിന്നും പൂവ്വത്തുശ്ശേരി സെന്റ്  ജോസഫ്സ് ദേവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.പേരാമ്പ്ര സെന്റ് ആന്റണീസ് ദേവാലയത്തിലും, ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിലും അസിസ്റ്റന്റ് വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്



റവ.ഫാദർ സീജോ ഇരിമ്പൻ.

പുളിപ്പറമ്പ് ലിറ്റിൽ ഫ്ളവർ ദേവാലയം, നടവരമ്പ് സെന്റ് മേരീസ് ദേവാലയം, വടക്കുംകര സെന്റ് ആന്റണീസ് ദേവാലയം എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു . രൂപത സാമൂഹ്യ പ്രസ്ഥാനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായും സെന്റ് ആന്റണീസ് ബാലഭവന്റേയും, വിയാനി ഹോമിന്റേയും ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇതിനിടയിൽ B.A.(Philosophy), B.Sc.(Psychology), MSW(HRM), MBA., എന്നീ ബിരുദങ്ങളും കരസ്ഥമാക്കി. പൂവത്തിങ്കൽ, ആളൂർ BLM ലും മുരിയാട് പള്ളിയിലും കുതിരത്തടം പള്ളിയിലും സേവനം ചെയ്തു ഇപ്പോൾ പാദുവ നഗർ സെന്റ് ആന്റണിസ് പള്ളി വികാരിയായും ഇരിഞ്ഞാലക്കുട രൂപത കോർപ്പറേറ്റ് സ്കൂൾ മാനേജർ ആയും സേവനമനുഷ്ഠിക്കുന്നു. ഫാദർ സിജോ, ഇരിമ്പൻ കുടുംബയോഗം സ്പിരിച്വൽ പേട്രൺ കൂടിയാണ്.

**വർക്കി.**


കൊച്ചൗസേപ്പ് മറിയം ദമ്പതികളുടെ രണ്ടാമത്തെ മകനാണ് വർക്കി. പ്രാഥമിക എഞ്ചിനിയറിംഗ് പഠനശേഷം Athani Crompton Lamp factory യിൽ സേവനം അനുഷ്ഠിച് വിരമിച്ചു. നായരമ്പലം വട്ടത്തറ ചാക്കോ മകൾ ആലീസിനെ വിവാഹം കഴിച്ചു. ആലീസ് B.Sc, B.Ed പൂവ്വത്തുശ്ശേരി St. Joseph's Girls High School ൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച് വിരമിച്ചു. വർക്കി ആലീസ് ദമ്പതികൾക്ക് രണ്ട് മക്കൾ. സിന്ധുവും സന്തോഷും.



വർക്കി ആലീസ്

**സിന്ധു**

വർക്കി ആലീസ് ദമ്പതികളുടെ മൂത്ത മകളാണ് സിന്ധു. കോടനാട് പുത്തൻകുടിയിൽ സേവ്യർ മകൻ ഷിബു സിന്ധുവിനെ വിവാഹം കഴിച്ചു. ഇദ്ദേഹം ഇന്റീരിയർ ഡിസൈനർ ആണ്. രണ്ട് പേരും ഇപ്പോൾ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ മെറിൻ മരിയ, റൊസാന എലിസബത്ത്.



ഷിബു സിന്ധു കുടുംബം.

**സന്തോഷ്**

വർക്കി ആലീസ് ദമ്പതികളുടെ മകൻ സന്തോഷ് MCA ബിരുദധാരിയാണ്. ഇപ്പോൾ എറണാകുളം ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നു. മണലൂർ കോടങ്കണ്ടത്ത് ജേക്കബ്ബ് മകൾ ലിസ MCAയെ വിവാഹം കഴിച്ചു. ഇവരുടെ മകൾ ലിയ സന്തോഷ്.



**താണ്ടു**

കൊച്ചൗസേപ്പ് മറിയം ദമ്പതികളുടെ മൂത്ത മകളാണ് താണ്ടു. എലിഞ്ഞിപ്ര കാവുങ്ങൽ കുഞ്ഞുവറിയത് തോമാസ് വിവാഹം കഴിച്ചു



തോമാസ് താണ്ടു

ജോർജ്ജ്, ജോസഫ്, സിനി എന്നിവർ മക്കളാണ്. തോമാസ് 20.04.1978 ൽ അകാല ചരമമടഞ്ഞു. ജോർജ്ജ് B.Com. ബിരുദധാരിയാണ്. കുണ്ടൂർ ഐനിക്കൽ പാവു മകൾ ലൈസി M.Sc.,B.Ed. യെ വിവാഹം കഴിച്ചു. ഈ കുടുംബം ഇപ്പോൾ ബഹറിനിൽ ജോലി നോക്കുന്നു.എറണാകുളം വട്ടോലി ജോയി മകൾ നവ്യ MBA വിവാഹം കഴിച്ചു. ഈ കുടുംബം ഇപ്പോൾ ദുബായിൽ ജോലി നോക്കുന്നു. സിനിയെ കുണ്ടന്നൂർ മുരിങ്ങത്തേരി ജോസ് സാബു വിവാഹം കഴിച്ചു. സാബു LIC ൽ Development Officer ആണ്. ഈ കുടുംബം പാലക്കാട് സ്ഥിര താമസമാക്കിയിരിക്കുന്നു.

**മേരിക്കുഞ്ഞ്**

കൊച്ചൗസേപ്പ് മറിയം ദമ്പതികളുടെ ഇളയ മകൾ. മേരിക്കുഞ്ഞിനെ മേലൂർ തെക്കൻ ഇട്ടിയാനി ജോണി വിവാഹം കഴിച്ചു. മെജോ, ജുബിൻ എന്നിവർ മക്കളാണ്. മേരിക്കുഞ്ഞ് അകാല ചരമമടഞ്ഞു.




ജോണി മേരിക്കുഞ്ഞ്

MBA ബിരുദധാരിയായ മെജോ ഇപ്പോൾ അയർലണ്ടിൽ ജോലി ചെയ്യുന്നു. B.Tech. ബിരുദധാരിയായ ജുബിൻ ഇപ്പോൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

**ഐപ്പച്ചൻ (ബിഷപ്പ് മാർ. ജോസഫ് ഇരിമ്പൻ)**

കുഞ്ഞുവാറു താണ്ടമ്മ ദമ്പതികളുടെ നാലാമത്തെ മകനായി 25/02/1919 ൽ (ഐപ്പച്ചൻ) ബിഷപ്പ് മാർ ജോസഫ് ഇരിമ്പൻ ജനിച്ചു. ജ്ഞാനസ്നാനത്തിൽ നൽകിയ പേര് ജോസഫ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ സഹോദരന്റെ പേര് Rev.Fr Joseph Irimpan എന്നായിരുന്നതിനാലാണ് ഐപ്പച്ചൻ എന്ന പേരിൽ അദ്ദേഹത്തെ വിളിച്ചിരുന്നത്. പാലക്കാട് രൂപതയുടെ മെത്രാനായി നിയമിതനായപ്പോൾ അദ്ദേഹത്തിന്റെ പേര് ബിഷപ്പ് മാർ ജോസഫ് ഇരിമ്പൻ എന്നാക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചു. പൂവ്വത്തുശ്ശേരി സെന്റ് ജോസഫ്സ് പ്രൈമറി വിദ്യാലയത്തിൽ 14/10/1925 ൽ വിദ്യാരംഭം കുറിച്ചു. തുടർന്ന് മൂഴിക്കുളം, എരവത്തൂർ, വാളൂർ, എൽത്തുരുത്ത് സെന്റ് അലോഷ്യസ് എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പുർത്തിയാക്കി, തൃശൂർ സെന്റ് തോമാസ് കോളേജിൽ ഉപരിപഠനത്തിന് ചേർന്നു. 1941ൽ B.A.പാസായി. അക്കാലത്ത് തൃശൂർ രൂപതയക്ക് സ്വന്തമായി മൈനർ സെമിനാരി ഇല്ലാതിരുന്നതിനാൽ Very Rev.Fr.ജോർജ് അക്കരയുടെ ശിഷ്യനായി വൈദീക പഠനത്തിനുള്ള ബാലപാഠങ്ങളും, ലത്തീൻ ഭാഷയും സ്വന്തമാക്കി. തുടർന്ന് ഈശോ സഭ വൈദീകർ നടത്തിയിരുന്ന ലോകപ്രസിദ്ധമായ കാൻഡി പേപ്പൽ സെമിനാരിയിൽ ചേർന്നു.

1950 മെയ് മാസം 6ാം തിയതി കാൻഡി സെമിനാരിയിൽ വച്ച് റവ. ഐപ്പ് ഇരിമ്പന് കാൻഡി (സിലോൺ) മെത്രാന്റെ കൈവെയ്പ്പു വഴി വൈദീക പട്ടം ലഭിച്ചു .



ബിഷപ്പ് മാർ ജോസഫ് ഇരിമ്പൻ

അതിനുശേഷം സ്വന്തം ഇടവകയായ പൂവ്വത്തുശ്ശേരി സെന്റ് ജേസഫ്സ് ദേവാലയ ത്തിൽ വച്ച് നവ വൈദീകൻ ആദ്യമായി ദിവ്യബലി അർപ്പിച്ചു. കണ്ടശാംകടവ്, പറപ്പൂക്കര, ഒല്ലൂർ, മരത്താക്കര, കുര്യച്ചിറ, ആളൂർ, തൃശൂർ ബസലിക്ക, മുണ്ടൂർ, ചേർപ്പ്, അത്താണി, പൂമല, കോയമ്പത്തൂർ തുടങ്ങിയ ഇടവകകളിൽ ഐപ്പച്ചൻ അജപാലന ശുശ്രൂഷ നടത്തിയിട്ടുണ്ട്. തൃശൂർ രൂപതയുടെ അദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനി 12.11.1970 ൽ രൂപതയുടെ സെക്രട്ടറിയും വൈസ് ചാൻസിലറുമായി ബ.ഐപ്പച്ചനെ നിയമിച്ചു. ബ.ഐപ്പച്ച ന് പോൾ ആറാമൻ മാർപ്പാപ്പ മോൺസിഞ്ഞോർ പദവി നൽകി. തുടർന്ന് 1.5.1973ൽ വികാരി ജനറാളായി ഐപ്പച്ചൻ നിയമിതനായി.

വൈദീകൻ എന്ന നിലയിൽ അദ്ദേഹം ദീർഘകാലം കാഴ്ചവച്ച വിജയകരമായ അജപാലന ശുശ്രൂഷയുടെ വിശുദ്ധിയും, ഭരണനിപുണതയും, രുപതാതലത്തിലെ സേവന പരിശീലനവും, പരിഗണിച്ച് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1974 ജൂൺ 20 ന് പുതുതായി രൂപം കൊണ്ട പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായി ബ. ഐപ്പച്ചനെ നിയമിച്ച് കൽപനയായി. 1974 സെപ്റ്റംബർ 8ന് മാർ ജോസഫ് (ഐപ്പച്ചൻ) ഇരിമ്പന്റെ മെത്രാഭിഷേക കർമ്മങ്ങൾ പാലക്കാട് വച്ച് നടന്നു.

**<u>ഇരിമ്പൻ പിതാവിന്റെ ജീവിത ദർശനം</u>**

ലോക വ്യാപാരങ്ങളിൽ നിന്നും വളരെ അകന്ന് പ്രാർത്ഥനയുടേയും തപസ്സി ന്റേയും ജീവിത ശൈലി സ്വന്തമാക്കി, ആത്മീയതയുടെ പടികൾ ഓരോന്നായി ദിവസവും നടന്ന് കയറുന്ന പിതാവിന്റെ ജീവിതം, പാലക്കാട് രൂപതയിൽ അങ്ങിങ്ങായി ചിതറി കിടന്നിരുന്ന കത്തോലിക്കരെ ഒരുമിച്ചുകൂട്ടി, കൊച്ചു സമൂഹങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നിർജ്ജീവമായ വലിയ കരിങ്കൽ ദേവലയങ്ങളിലല്ല, മറിച്ച് ജീവനുള്ള ഹൃദയങ്ങളിലാണ് ഈശോ വസിക്കുന്നതെന്ന ചിന്തയാണ് പിതാവിനെ നയിച്ചത്. മനസ്സിന്റെ അന്ധകാരത്തെ അകറ്റുക എന്ന ഗുരുധർമ്മം ജീവിത നിയമമായി സ്വീകരിച്ചുകൊണ്ട് എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് പഠിപ്പിക്കാനായി സെമിനാരിയിലേക്കും ഫോർമേഷൻ ഭവനങ്ങളിലേക്കും യാത്ര തിരിക്കുന്ന അദ്ധ്യാപകൻ കൂടിയായിരുന്നു ഇരിമ്പൻ പിതാവ്.

ആഴമേറിയ വിഷയങ്ങൾ വളരെ സരളമായി അവതരിപ്പിക്കുവാനുള്ള പിതാവിന്റെ പ്രത്യേകത എടുത്തു പറയേണ്ടതാണ്. തീരുമാനങ്ങൾ എടുക്കുന്നതിൽ, കൃത്യനിഷ്ഠയിൽ, കാര്യ നിർവ്വഹണ ത്തിൽ, തന്നോടുതന്നെ കാർക്കശ്യഭാവം കാണിക്കുന്ന പിതാവ് എല്ലാവർക്കും ഒരു ഉത്തമ മാതൃകയാണ്. ചിലരൊക്കെ ചിലപ്പോൾ പറയാറുണ്ട് ഇരിമ്പൻ പിതാവിന്റെ ഇരുമ്പു ശൈലി എന്ന്: ഈ കാർക്കശക ശൈലി ആയിരിക്കാം ഇതിന് കാരണം. കേരളത്തിലെ പിതാക്കന്മാരിൽ ഇത്രയും ലാളിത്യം നിറഞ്ഞ ഒരു പിതാവിനെ കാണാനാകുമോ എന്നകാര്യം സംശയമാണ്. ആഡംബരത്തിന്റേയും പ്രൗഢിയുടേയും ലോകത്തിൽ ഒന്നും ഇല്ലാത്തവനായി കടന്നുവന്ന യേശുവിന്റെ ശൂന്യവത്കരണത്തിന്റെ മാതൃക സ്വന്തമായി സ്വീകരിച്ചു. ചെറിയ താമസ സ്ഥലവും ഇടുങ്ങിയ മുറിയും പരിമിതികൾ കൊണ്ട് നിറഞ്ഞ സൗകര്യങ്ങളും നേരിട്ടു കാണുന്നവർക്കേ പിതാവിന്റെ ലളിത ജീവിതം എന്താണെന്ന് അറിയാനാകു. സാധാരണക്കാരുടെ പിടിയിലൊതുങ്ങാത്ത ഭക്ഷണ രീതി വൈദീകർ സ്വീകരിക്കരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം. പിതാവ് സസ്യാഹാരമാണ് ഉപയോഗിച്ചിരുന്നത്.

രണ്ട് പതിറ്റാണ്ടു കാലം മാർ ജോസഫ് ഇരിമ്പൻ രൂപതയും ദൈവജനത്തിനും വേണ്ടി കഠിനാധ്വാനം ചെയ്തു. 75-ാം മത്തെ വയസ്സിൽ മെത്രാനടുത്ത ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കിക്കിട്ടുവാൻ മാർപ്പാപ്പക്ക് അപേക്ഷ സമർപ്പിച്ചു. 1994 ഡിസംബർ 1 ാം തിയതി ഇരിമ്പൻ പിതാവിന്റെ രാജി സ്വീകരിച്ച് പരിശുദ്ധ സിംഹാസനത്തിൽ നിന്നും അറിയിപ്പ് ലഭിച്ചു. വാർദ്ധക്യത്തിലും രോഗാവസ്ഥയിലും റിട്ടയർ ചെയ്യുന്ന വൈദീകർക്ക് വേണ്ടി പിതാവ് തയ്യാറാക്കിയ മലമ്പുഴയിലെ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമി ലെ ഒരു മുറിയാണ് വിശ്രമ ജീവിതത്തിന് തിരഞ്ഞെടുത്തത്. വിശ്രമകാലത്തും നവ സന്യാസിനികൾക്കും സിസ്റ്റേഴ്സിനും ക്ലാസ്സടുത്തിരുന്നു .1997 ഓഗസ്റ്റ് 23ാം തിയതി ഇരിമ്പൻ പിതാവ് കാലം ചെയ്തു. 25ാം തിയതി ദിവ്യബലിക്കുശേഷം 1.45PM ന് അഭിവന്ദ്യ ഇരിമ്പൻ പിതാവിന്റെ ഭൗതീക ശരീരം കത്തീഡ്രൽ പള്ളിയിൽ സംസ്കരിച്ചു.

**മരണപത്രം**

"എനിക്കുള്ളതെല്ലാം പാലക്കാട് രൂപതക്ക്. എന്റെ മൃതദേഹം മലമ്പുഴ സെന്റ് ജൂഡ് പള്ളി സെമിത്തേരിയിൽ വൈദീകർക്ക് പണികഴിപ്പിച്ചിട്ടുള്ള കബറിടങ്ങളിലൊന്നിൽ തികച്ചും ലളിതമായ വിധത്തിൽ സംസ്കരിക്കുക. കബറടക്കത്തെക്കുറിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അധികാരവും അവകാശവും പാലക്കാട് രൂപത മെത്രാന്. നഗരികാണിക്കൽ തീർത്തും വേണ്ടന്നു വക്കണം........"

**മറ്റു പിതാക്കൻമാരുടെ വാക്കുകളിൽ നിന്ന്**

സിറോ മലബാർ സഭയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളെക്കുറിച്ചും സഭയുടെ വളർച്ചയെ കുറിച്ചും ഇരിമ്പൻ പിതാവിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായി രുന്നു. അവയെക്കുറിച്ച് ആഴമായ ബോധ്യത്തോടെ പിതാവ് സംസാരിക്കുകയും ചെയ്തു. പിതാവിന്റെ ജീവിത വിശുദ്ധി, ലാളിത്യം, എളിമ, സഭയോടുള്ള സ്നേഹം, ഇതൊക്കെ എങ്ങിനെ വിസ്മരിക്കും!.

**കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**.

ഏകാഗ്ര ചിത്തനായി ദൈവ തിരുമനസ്സിലേക്ക് ദൃഷ്ടികളൂന്നി മുന്നേറുന്നതിൽ നിന്നും പിതാവിനെ ഒരു ബാഹ്യ സ്വാധീനത്തിനും പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. ഇന്നത്തെ അജപാലന പ്രതിസന്ധികളിലും വെല്ലുവിളി കളിലും, ലാളിത്യത്തിന്റെ വജ്രരേഖയായി ഇരിമ്പൻ പിതാവിന്റെ മാതൃക തെളിഞ്ഞ് നിൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.....

**കർദ്ദിനാൾ ആന്റണി പടിയറ**.

ജീവിതത്തിലെ ഏതു സാഹചര്യത്തിലും പ്രതിസന്ധിയിലും ദൈവഹിതമനുസരിച്ച് ജീവിച്ച ആദ്ധ്യാത്മീകതയുടെ മൂർത്തീഭാവമായിരുന്നു ഇരിമ്പൻ പിതാവ്. സൗകര്യങ്ങളും സുഖങ്ങളും അദ്ദേഹം ഒരിക്കലും അന്വേഷിച്ചിട്ടില്ല. അകലെ നിന്ന് നോക്കിക്കണ്ട് ആദരവോടും ബഹുമാനത്തോടുകൂടെ അത്ഭുതപ്പെടാമെന്നല്ലാതെ അധികം പേർക്കും അനുകരിക്കാനാകാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇരിമ്പൻ പിതാവ്.

**മാർ പോൾ ചിറ്റിലപ്പിള്ളി.**

വളച്ചു കെട്ടില്ലാത്ത ആർജ്ജവ ശൈലി; നേരെ വാ നേരെ പോ എന്ന മാന്യമായ പെരുമാറ്റ രീതി ഇവയെല്ലാം മാർ ജോസഫ് ഇരിമ്പന്റെ കൈമുതലാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയോ, അന്യരുടെ പ്രശംസ പിടിച്ചു പറ്റാൻ വേണ്ടിയോ, ഇരിമ്പൻ പിതാവ് യാതൊന്നും ചെയ്തിട്ടില്ല. പ്രതികൂല സാഹചര്യങ്ങളേയും പ്രതിസന്ധി ഘട്ടങ്ങളേയും ഇത്രമാത്രം ശാന്തതയോടും സമചിത്തതയോടും കൂടെ തരണം ചെയ്യുന്നവരെ ഞാൻ അധികമൊന്നും കണ്ടിട്ടില്ല. സംഭവിക്കുന്നതിലെല്ലാം ദൈവഹിതം കണ്ടെത്താൻ സാധിക്കുന്ന ഉദാത്തമായ വ്യക്തിത്വത്തിന്റെ ഉടമയാണ്. കളവും നുണയും പറഞ്ഞ് ഒരു തരത്തിലും അദ്ദേഹത്തെ പറ്റിക്കുവാൻ ആർക്കും സാധ്യമല്ല. അദ്ദേഹം വ്യക്തികളെ പഠിക്കും, കാര്യങ്ങൾ പഠിക്കും. വ്യക്തമായ തെളിവുകളും സാക്ഷ്യങ്ങളും ലഭിച്ചതിന് ശേഷമേ അനുകൂലമോ പ്രതികൂലമോ ആയ തീരുമാനങ്ങളെടുക്കുവാൻ തയ്യാറാകു. അദ്ദേഹത്തെ സ്വാധീനിച്ച് താല്പര്യങ്ങൾ നേടിയെടുക്കാൻ ഒരിക്കലും സാധ്യമല്ല.

**മാർ ജോസഫ് കുണ്ടുകുളം**

അദ്ദേഹം നീതിമാനായിരുന്നു. എല്ലാ കാര്യങ്ങളിലും സത്യത്തിന്റേയും നീതിയുടേയും ശരികൾ മാത്രമേ കണ്ടെത്താറുള്ളു. ഇരിമ്പൻ പിതാവ് പ്രാർത്ഥനാപൂർവ്വം കാര്യങ്ങൾ പഠിച്ച്, ധ്യാനിച്ച്, ചിന്തിച്ച് എടുക്കുന്ന തീരുമാനങ്ങൾ ഒരിക്കലും മാറ്റാറില്ല. ആർക്കും അദ്ദേഹത്തെ വിശ്വസിക്കാം. ഒരിക്കലും വിശ്വസ്തതയിൽ വെള്ളം ചേർക്കാനോ വളച്ചൊടിക്കാനോ പിതാവിനെ കിട്ടുകയില്ല. ജീവിതത്തിന്റെ സകല മേഖലകളിലും അദ്ദേഹം കുട്ടിക്കാലം മുതൽ ശീലിച്ചുവന്ന ലാളിത്യം ഉയരങ്ങളിലെത്തി യപ്പോഴും കൈവെടിഞ്ഞില്ല. പ്രൗഢിയിലും അകമ്പടിയിലും സ്വീകരണങ്ങളിലും സത്കാരങ്ങളിലും അദ്ദേഹം താത്പര്യം കാണിച്ചിരുന്നില്ല.

**മാർ ജോസഫ് തുങ്കുഴി**

'മാർ ജോസഫ് ഇരിമ്പൻ' എഴുതിയതു പോലെ ഇത്രയധികം ഇടയ ലേഖനങ്ങൾ വേറെ ആരെങ്കിലും എഴുതിയിട്ടുണ്ടോ എന്ന് സംശയമാണ്. വളരെ ലളിതമായ ഭാഷയിൽ എല്ലാവർക്കും മനസ്സിലാകുന്ന രീതിയി ലാണ് ഇടയലേഖനങ്ങൾ എഴുതിയിരിക്കുന്നത്. ഇവയെല്ലാം ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നത് ഉപകാരപ്രദമായിരിക്കും. അദ്ദേഹം ഓരോ വാക്കും സ്ഫുടമായി ഉച്ചരിക്കാറുണ്ടായിരുന്ന കാര്യം എന്റെ

ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. എന്തെല്ലാം ജോലിത്തിരക്കുണ്ടായിരുന്നാലും ഒരു വൈദീകനെ സംബന്ധിച്ചിട ത്തോളം പ്രഥമവും പ്രധാനവുമായ കടമ ഒരുക്കത്തോടും ഭക്തിയോടും കൂടി ദിവ്യബലി അർപ്പിക്കുകയാണല്ലോ. Qualis Missatalis Sacerdos (കുർബ്ബാന എങ്ങിനെയാണോ അങ്ങിനെയായിരിക്കും വൈദീകനും)

**മാർ ജോസഫ് പവ്വത്തിൽ**

പാലക്കാട് രൂപതയുടെ ആരംഭകാലത്ത് വളരെയധികം സാമ്പത്തീക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും വിദേശസഹായം ലഭിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് പിതാവ് വലിയ ആഭിമുഖ്യം കാട്ടിയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വന്തം ജനങ്ങളുടെ സംഭാവനയാലും അദ്ധ്വാനത്താലുമാണ് പള്ളിയും അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങളും ഉണ്ടാകേണ്ടതെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു. പിതാവിന്റെ ഇടയ ലേഖനങ്ങളിലൂടെ കത്തോലിക്കാ വിശ്വാസവും ജീവിത രീതികളും ഭക്താഭ്യാസങ്ങളും തന്റെ ജനത്തിന് ലളിതമായ ഭാഷയിൽ പിതാവ് വിവരിച്ച് കൊടുക്കുകയായിരുന്നു. പിതാവിന്റെ ഇടയ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധപ്പെ ടുത്തുകയാണെങ്കിൽ കേരള കത്തോലി ക്കർക്ക് വലിയ അനുഗ്രഹമായിരിക്കും.

**മാർ കുര്യാക്കോസ് കുന്നശ്ശേരി**

പ്രാർത്ഥനയുടെ ഒരു മനുഷ്യൻ, അജപാലന തീക്ഷ്ണത നിറഞ്ഞ ഒരു വ്യക്തി, മറ്റുള്ളവർക്ക് മാതൃകയും ചൈതന്യവും പകർന്ന് കൊടുത്ത വ്യക്തി, പറയേണ്ട കാര്യങ്ങൾ പറയേണ്ട വിധത്തിൽ ധൈര്യപൂർവ്വം പറയുന്ന വ്യക്തി, ദൈവത്തിന്റേയും മനുഷ്യന്റേയും മുമ്പിൽ ചെയ്യേണ്ടത് ചെയ്തു എന്ന സംതൃപ്തിയോടെ നമുക്ക് മാതൃകാപുരുഷനായി കടന്നുപോയ അദ്ദേഹത്തിന്റെ പാവനാത്മാവ് സ്വർഗത്തിൽ നിന്നും വരദാനങ്ങൾ നൽകി നമ്മെ അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**മാർ ജയിംസ് പഴയാറ്റിൽ**

പാലക്കട് രൂപതയുടെ മെത്രാനായി നിയമിതനായ വിവരം അറിഞ്ഞയുടൻ അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവ് എനിക്കൊരു കത്തെഴുതി. ''പാലക്കാട് രുപതയുടെ മെത്രാനായി അങ്ങ് നിയമിതനായ വിവരം അറിഞ്ഞ് അത്യധികം സന്തോഷിക്കുന്നു. പാലക്കാട്ടേക്ക് ഹാർദ്ദമായ സ്വാഗതം. ഇടയന്റെ ധർമ്മം വിശ്വസ്തമായി നിർവ്വഹിക്കുവാൻ സാധിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കുന്നു.' ഇരിമ്പൻ പിതാവിനുണ്ടായിരുന്ന വ്യക്തമായ കഴ്ചപ്പാടാണ് ആ കത്തിൽ പ്രതിഫലിച്ചു നിൽക്കുന്നത്. വിശ്വസ്തമായി പിതാവ് അത് നിർവഹിച്ചു. അപ്രകാരം ചെയ്യുവാൻ എനിക്കും സാധിക്കട്ടെയെന്നായിരുന്നു മാർ ഇരിമ്പൻ പിതാവിന്റെ പ്രാർത്ഥന.

**മാർ ജേക്കബ് മനത്തോടത്ത്.**

**ദേവസ്സിക്കുട്ടി**

കുഞ്ഞുവാറു താണ്ടമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി ദേവസ്സിക്കുട്ടി 24/03/1921ൽ ജനിച്ചു. പൂവ്വത്തുശ്ശേരിയിൽ സെന്റ് വിൻസന്റ് ഡി. പോൾ സംഘടനയുടെ ആദ്യകാല സാരഥി ആയിരുന്നു. എടനാട്ട് പെരുമായൻ പാപ്പു അന്നംകുട്ടിയാക്ക് ഭാര്യ. ഈ ദാമ്പത്യത്തിൽ Rev. Sr. അന്നാക്ലാര, അൽഫോൻസ, ത്രേസ്യാമ്മ, വർഗീസ്, Rev. Dr. ജോസ് ഇരിമ്പൻ, ആന്റു, ലിസ്സി എന്നീ ഏഴ് മക്കളാണ്. ത്രേസ്യാമ്മയും ആന്റുവും ചെറുപ്രായത്തിൽ മരിച്ചു പോയി. സെന്റ് വിൻസന്റ് ഡി. പോൾ സംഘടനയുടെ വകയായുള്ള പൂവ്വത്തുശ്ശേരി സെന്റ് ജോസഫ്സ് ആശുപത്രിയുടെ നിർമ്മാണ ഘട്ടത്തിൽ ഇദ്ദേഹം സംഘടനയുടെ പ്രസിഡന്റ് ആയിരുന്നു. ദേവസ്സിക്കുട്ടി 9/03/1985 ലും അന്നംകുട്ടി 8/12/2007ലും നിര്യാതരായി.



ദേവസ്സിക്കുട്ടി അന്നംകുട്ടി

**Rev. Sr അന്നാക്ലാര ( മാർഗരീത്ത )**

ദേവസ്സിക്കുട്ടി അന്നംകുട്ടി ദമ്പതികളുടെ മൂത്ത മകളായി മാർഗരീത്ത 13/08/1945 ൽ ജനിച്ചു. 30/05/1963 ൽ ഫ്രാൻസിസ്കൻ ക്ലാര സന്ന്യാസിനി സമൂഹത്തിൽ അംഗമായി. 31/05/1965ൽ സിസ്റ്റർ അന്നാക്ലാര എന്ന നാമധേയം സ്വീകരിച്ച് നിത്യ വ്രതാർപ്പണം നടന്നു. ടി.ടി.സി. പാസായി അദ്ധ്യാപികയായി സേവനം ആരംഭിച്ചു.

രാമനാഥപുരം (കോയമ്പത്തൂർ) സെന്റ് ജോർജ്ജ് കോൺവെന്റിൽ ടീച്ചറായും, ഹോസ്റ്റൽ വാർഡനായും, ഗാന്ധിപുരം (കോയമ്പത്തൂർ) മേരി റാണി കോൺവെന്റിൽ ഹെഡ് മിസ്ട്രസ്സായും, അസിസ്റ്റന്റ് സുപ്പീരിയറായും, ചാലക്കുടി എസ്.എച്ച്. കോൺവെന്റിൽ ഹെഡ് മിസ്ട്രസ്സായും, ബോർഡിഗ് മിസ്ട്രസ്സായും, സേവനം ചെയ്തിട്ടുണ്ട്. മേട്ടുപ്പാളയം സാൻജോസ് കോൺവെന്റിലും, പട്ടാമ്പി സെന്റ് പോൾസ് കോൺവെന്റിലും സിസ്റ്റർ സുപ്പീരിയറായും ഹെഡ് മിസ്ട്രസ്സായും ജോലി നോക്കിയിട്ടുണ്ട്. ഇപ്പോൾ സെൻറ് ജോർജ് കോൺവെൻറ് , രാമനാഥപുരം കോയമ്പത്തൂരിൽ സേവനം അനുഷ്ഠിക്കുന്നു.



Rev.Sr. അന്നാക്ലാര FCC. (മാർഗരീത്ത)

## അൽഫോൻസ

ദേവസ്സിക്കുട്ടി അന്നംകുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകളായി അൽഫോൻസ ജനിച്ചു. കല്ലേറ്റുംകര ചാതേലി മാത്യു ജെയ്ക്കബ്ബ് വിവാഹം കഴിച്ചു. ജെയ്ക്കബ്ബ് കല്ലേറ്റുംകരയിൽ സ്കൂൾ അദ്ധ്യാപക നായി റിട്ടയർ ചെയ്തു



ജെയ്ക്കബ്ബ് അൽഫോൻസ

## വർഗീസ്

ദേവസ്സിക്കുട്ടി അന്നംകുട്ടി ദമ്പതികളുടെ നാലാമത്തെ മകനായി വർഗീസ് 27/03/1952 ൽ ജനിച്ചു. ഇപ്പോൾ പൂവ്വത്തുശ്ശേരിയിൽ കൃഷി നടത്തുന്നു. ആളൂർ അരീക്കാട്ട് ലോന മകൾ മേരിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഹണി, റോണി എന്നീ രണ്ട് പെൺമക്കളും ജോയൽ ഏക മകനുമാണ്. ജോർജ് ഡി. ഇരിമ്പൻ എന്ന് അറിയപ്പെടുന്ന വർഗീസ് പാറക്കടവ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ ദീർഘകാലം ഡയറക്ടറായും, രണ്ട് തവണ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. വർഗീസ് പൂവത്തുശ്ശേരി ഇടവക പള്ളിയുടെ പാരിഷ് ബുള്ളറ്റിന്റെ ചീഫ് എഡിറ്ററായി ദീർഘകാലം സേവനം ചെയ്തു വരുന്നു.



**ഹണി**

വർഗീസ് മേരി ദമ്പതികളുടെ മൂത്തമകളായി ഹണി ജനിച്ചു. പാലക്കാട് നീതിപുരം തറക്കുന്നേൽ സെബാസ്റ്റ്യൻ മകൻ ജിമ്മി ഹണിയെ വിവാഹം കഴിച്ചു. ഒരു മകൾ (ആൻസ്) ജനിച്ചു. ജിമ്മി നല്ല ഒരു റബർ കർഷകനും ഇലക്ട്രോണിക്സ് വ്യാപാരിയുമാണ്. ഹണി മംഗലംഡാം ഹയർ സെക്കണ്ടറി സ്കൂളിൽ ഇപ്പോൾ ഇംഗ്ലീഷ് അദ്ധ്യാപികയാണ്.



ജിമ്മി ഹണി കുടുംബം.

**റോണി CA**

വർഗീസ് മേരി ദമ്പതികളുടെ രണ്ടാമത്തെ മകളായി റോണി ജനിച്ചു. മാള ചെല്ലക്കുടം അഗസ്റ്റിൻ മകൻ അഗ്സൺ റോണിയെ വിവാഹം കഴിച്ചു. അഗ്സൺ സോഫ്ട്‌വെയർ എൻജിനിയറായി ഇപ്പോൾ ഹൈദ്രാബാദിൽ ജോലി നോക്കുന്നു.



അഗ്സൺ റോണി

**ജോയൽ CA**

വർഗീസ് മേരി ദമ്പതികളുടെ ഏക മകനായി ജോയൽ ജനിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് ആയ ജോയൽ എറണാകുളത്തെ പ്രശസ്ത ഓഡിറ്റിങ് സ്ഥാപനമായ Balan&Company യിൽ പങ്കാളിയായി പ്രവർത്തിക്കുന്നു. പൂങ്കുന്നത്ത് താമസമാക്കിയ പാല കൊഴുവനാൽ മേക്കാട്ടുകുന്നേൽ Dr.ആൻഡ്രൂസിന്റെയും Dr. നിഷി റോഷിനിയുടെയും മകളായ Dr. അലീനയെ ജോയൽ 02/10/2016 ൽ വിവാഹം ചെയ്?തു. Dr. അലീന ആലുവയിലുള്ള Doctors Diagonostic Investigation Center ൽ consultant Radiolgist ആയി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് 15/11/2021 ൽ ആൻഡ്രിയ മേരി ജോയേൽ എന്ന പെൺകുട്ടി ജനിച്ചു.



ജോയൽ

**Rev.Msgr. Dr. Jose Irimpan B.Ph., B.Th., D.O.C.L.**

ദേവസ്സിക്കുട്ടി അന്നംകുട്ടി ദമ്പതികളുടെ അഞ്ചാമത്തെ മകനായി Fr.ജോസ് ഇരിമ്പൻ 16/12/1955 ൽ ജനിച്ചു. ആശാൻ കളരിയിലും, പൂവ്വത്തുശ്ശേരി St.Joseph's UPS ലും, പാലിശ്ശേരി SNDPHS ലും സ്കൂൾ പഠനം നടത്തി. തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലൂം, Fr. Jose Irimpan വൈദീക പരിശീലനം പൂർത്തിയാക്കി, 1980 ഡിസമ്പർ 22 തിങ്കളാഴ്ച തന്റെ പിതൃ സഹോദരനായ പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് ഇരിമ്പൻ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ആളൂർ, ഇരിങ്ങാലക്കുട കത്തീഡ്രൽ എന്നിവിടങ്ങ ളിൽ സഹവികാരിയായി

സേവനം ചെയ്തു. 1983 ൽ ഉപരിപഠനാർത്ഥം റോമിലേക്ക് അയക്കപ്പെട്ടു. പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പൗരസ്ത്യ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി 1988 ൽ നാട്ടിൽ തിരിച്ചെത്തി.

രൂപതാ സെക്രട്ടറി, മേഴ്‌സി ട്രസ്റ്റ് സെക്രട്ടറി, വൈസ്ചാൻസ്‌ലർ, ചാൻസ്‌ലർ, പ്രൊമോട്ടർ ഓഫ് ജസ്റ്റിസ്, ഡിഫണ്ടർ ഒഫ് ബോൺഡ്, രൂപതാ കോടതി ജഡ്ജി, ജുഡീഷ്യൽ വികാരി എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. ഇതേ സമയം ഏഴര കൊല്ലത്തോളം പൊറത്തിശ്ശേരി പള്ളിയുടെ വികാരിയായിരുന്നു. പൊറത്തിശ്ശേരി പള്ളിയുടെ പുനരുദ്ധാരണവും അഭയഭവന്റെ നിർമ്മാണവും Rev.Dr. ജോസ് ഇരിമ്പന്റെ നേതൃത്വത്തിലായിരുന്നു. ഇരിങ്ങാലക്കുട രൂപത ആദ്ധ്യാൽമീക കേന്ദ്രം ഡയറക്ടറായും, കത്തീഡ്രൽ വികാരിയായും സേവനം ചെയ്തു. കത്തീഡ്രൽ ഇടവക ദേവാലയ ത്തിനും ആദ്ധ്യാൽമീക കേന്ദ്രത്തിനും പുതിയ ഒരു മുഖമുണ്ടാക്കുവാൻ Rev.Dr. ജോസ് ഇരിമ്പന് സാധിച്ചു. നിത്യാരാധന കപ്പേള, റോസറി ഗാർഡൻ, കുരിശിന്റെവഴി, എന്നിവ ഈ കാലഘട്ടത്തിലെ നേട്ടങ്ങളാണ്. സന്ന്യാസ സദനത്തി ന്റേയും, ഇരിങ്ങാലക്കുട സെന്റ്മേരീസ് +2 സ്കൂളിന്റേയും സ്ഥാപനവും ഈ കാലത്തായിരുന്നു. കുറ്റിക്കാട് ഫൊറോന പള്ളിയായിരുന്നു അടുത്ത സേവനരംഗം. ഏറെ പ്രതിസന്ധിയിലായിരുന്ന ദേവാലയ നിർമ്മാണം ഏറ്റവും സുഗമമായി പൂർത്തീ കരിക്കുവാൻ സാധിച്ചത് ബഹു. ജോസച്ചന്റെ നേട്ടം തന്നെയാണ്. വൈദീക മന്ദിര നിർമ്മാണം, സ്കൂൾ സമുച്ചയത്തിന്റെ പുനർനിർമ്മാണം, ജീവധാര കുടുംബ പ്രേഷിതത്വത്തിന്റെ ആരംഭം, എന്നിവ കുറ്റിക്കാട് ഇടവകയിലെ പ്രവർത്തനങ്ങളിൽ ചിലത് മാത്രം. മുന്ന് വർഷത്തെ അവിടുത്തെ ശുശ്രൂഷക്ക്ശേഷം കൊടകര സഹൃദയ എഞ്ചിനിയറിഗ് കോളേജിന്റെ എകസിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായി. രാഷ്ട്രീയ പ്രതിസന്ധികളുടേയും വെല്ലുവിളികളുടേയും നടുവിൽ സഹൃദയയെ നയിച്ചു കൊണ്ടിരിക്കുമ്പോൾ 12/8/2010 ൽ ഇരിങ്ങാലക്കുട രൂപതയുടെ വികാരി ജനറാളായും (Syncellus), തുടർന്ന് 2/17/2011ൽ പ്രഥമവികാരി ജനറാളായും (Protosyncellus) നിയമിതനായി. ചാലക്കുടി, കുറ്റിക്കാട്, കൊടകര ഫൊറോനകളിലെ മുഴുവൻ ഇടവകകളുടെ പ്രത്യേക ഉത്തരവാദിത്വത്തോടൊപ്പം രൂപതയിലെ സംഘടനകൾ, പ്രസ്ഥാനങ്ങൾ, സാമൂഹീക പ്രവർത്തനം എന്നിവയുടെ ഉത്തരവാദിത്വവും ഏറ്റെടുത്ത് നടത്തിയിരുന്നു. കൂടാതെ രൂപതയിലെ അനാഥ മന്ദിരങ്ങൾ, അൽമായർ, പാസ്റ്ററൽ കൗൺസിൽ എന്നിവയിലും ജോസച്ചൻ ചുമതല വഹിച്ചിരുന്നു.



V. Rev.Msgr.Dr.Jose Irimpan

ആളൂർ BLM. ഡയറക്ടർ, കൊടുങ്ങല്ലൂർ KRAMTH. പ്രസിഡന്റ്, AWARD. പ്രസിഡന്റ്, മാള ജീസസ്സ് ട്രെയ്നിഗ് കോളേജ്, ആവേമരിയ T.T.I. കോളേജ് എന്നിവയുടെ മാനേജർ, ശാന്തിസദൻ ഡയറക്ടർ, തസ്തികകളിലും സേവനം ചെയ്തിട്ടുണ്ട്. ആലുവ മംഗലപ്പുഴ സെമിനാരി, പുന പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വിസിറ്റിഗ് പ്രൊഫസറായും, സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ ഓർഡിനറി ട്രിബൂണൽ ജഡ്ജിയായും, സേവനം ചെയ്തിട്ടുണ്ട്. കൂടാതെ സന്ന്യാസ രൂപീകരണ ഭവനങ്ങളിൽ ക്ലാസുകൾ നൽകുകയും ചെയ്യുന്നു. കരുവന്നൂർ ക്ലാരമഠം കപ്പോൻ, പൊറത്തിശ്ശേരി അൽഫോൻസ ഭവൻ, ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ മഠം, കുറ്റിക്കാട് കർമ്മലീത്ത മഠം, ജീവധാരാ മഠം, കരുണാഭവൻ എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്.

വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ നാമകരണ നടപടികളുടെ കോടതിയിൽ നോട്ടറിയായും, വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്, അത്ഭുതത്തെ കുറിച്ച് പഠിക്കന്നതിന് വേണ്ടിയുള്ള കമ്മീഷനിൽ എപ്പിസ്കോപ്പൽ ഡലിഗേറ്റായും സേവനം ചെയ്യുവാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട് . സിറോ മലബാർ ചെന്നൈ മിഷന്റെ കോഓർഡിനേറ്റർ ആയി സ്തുത്യർഹമായ സേവനം ചെയ്തതിനു ശേഷം ആളൂർ PACS ഡയറക്ടർ സ്ഥാനം വഹിച്ചു.

ബഹു .ജോസച്ചൻ 28.11.2019 ൽ നിര്യാതനായി.

**ലിസ്സി**

ദേവസ്സിക്കുട്ടി അന്നംകുട്ടി ദമ്പതികളുടെ ഇളയ മകളായി ലിസ്സി ജനിച്ചു. കുറ്റിപ്പുഴ കണ്ണംപുഴ വറിയത് ജോയി ലിസ്സിയെ വിവാഹം കഴിച്ചു. ജോയി കുന്നുകരയിൽ സിമന്റ് വ്യാപാരിയാണ്.



ജോയി ലിസ്സി

ഈ ദമ്പതികൾക്ക് ബ്ലസിട്രീസ, ആൻമരിയ എന്നീ രണ്ട് പെൺമക്കൾ. കരുമാലൂർ മേനാച്ചേരി വർഗീസ് മകൻ ഷിനു, ബ്ലസിട്രീസയെ വിവാഹം കഴിച്ചു. ആൻമരിയ വിദ്യാർത്ഥിനിയാണ്.

**Rev. Fr. Antony Irimpan**

കുഞ്ഞുവാറു താണ്ടമ്മ ദമ്പതികളുടെ ഇളയ മകനായി ഫാദർ ആന്റണി ഇരിമ്പൻ 6/11/1927 ൽ ജനിച്ചു. തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി യിലും ഫാദർ ആന്റണി ഇരിമ്പൻ വൈദീക പരിശീലനം പൂർത്തിയാക്കി, 1958 മാർച്ച് 13 ന് തൃശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ഒല്ലൂർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി ആദ്യ നിയമനം ലഭിച്ചു. തുടർന്ന് കാഞ്ഞാണി, കാരമുക്ക്, അന്തിക്കാട്, അരിമ്പൂർ, എറവ്, കൊട്ടേക്കാട്, കുര്യച്ചിറ, പറപ്പൂർ, ചാലക്കുടി ഫൊറോന, പടിഞ്ഞാറെ ചാലക്കുടി, മാള ഫൊറോന, സൗത്ത് താണിശ്ശേരി, പറപ്പൂക്കര ഫൊറോന തുടങ്ങിയ ഇടവകകളിൽ വികാരിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.



V. Rev. Fr. Antony Irimpan

ഫാദർ ആന്റണി ഇരിമ്പൻ 14/09/2013ൽ നിര്യാതനായി.

**സ്ഥാപനങ്ങൾ & പ്രസ്ഥാനങ്ങൾ**

ആളൂർ BLM, റെക്ടർ MTC, 'കേരളസഭ' മാസികയുടെ മാനേജിഗ് എഡിറ്റർ, എപ്പാർക്കിയൽ കൺസൽട്ടർ, CLA ഡയറക്ടർ, ലീജിയൺ ഓഫ് മേരി & കാത്തലിക് യൂത്ത് മൂവ്മെന്റ് ഡയറക്ടർ എന്നീ നിലകളിലും, കരാഞ്ചിറ, കുഴിക്കാട്ടു ശ്ശേരി കോൺവെന്റുകളുടെ കപ്ലോനായും ഫാദർ ആന്റണി ഇരിമ്പൻ സേവനം ചെയ്തിട്ടുണ്ട്.

**യൗസേബ്യ (Rev.Sr.Ousebia)**

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ നാലാമത്തെ മകളായി ഔസേബ്യ 1892 ൽ ജനിച്ചു. 1912 ൽ കർമ്മലിത്ത സന്ന്യാസിനി സമൂഹത്തിൽ അംഗമായി Sr.Ousebia എന്ന നാമധേയം സ്വീകരിച്ച് സഭാ വസ്ത്രം സ്വീകരിച്ചു. വാർദ്ധക്യ സഹജമായ രോഗം മൂലം അമ്പഴക്കാട് മഠത്തിൽ വെച്ച് മരണമടഞ്ഞു. അദ്ധ്യാപനവൃത്തിയിലൂടെ ദൈവ സേവനം നിർവഹിച്ചിരുന്ന ഈ സഹോദരിയിൽ കൃത്യനിഷ്ഠയും ഉത്തരവാദിത്വബോധവും വിശേഷവിധം പരിലസിച്ചിരുന്നു. വിനയവും ദൈവാശ്രയ ബോധവും ഈ സഹോദരിയുടെ പ്രവർത്തനങ്ങളിൽ വ്യക്തമായി കാണാമായിരുന്നു.

**കുഞ്ഞുവറിയത് ഗീവർഗീസ്**

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ അഞ്ചാമത്തെ മകനായി ഗീവർഗീസ് 23/5/1898 ൽ ജനിച്ചു. കൃഷിയായിരുന്നു പ്രധാന തൊഴിൽ പുതിയ ആശയങ്ങൾ കൃഷിയിൽ നടപ്പാക്കുന്നതിന് ശ്രമിച്ചിരുന്ന ഒരു കൃഷിക്കാരനായിട്ടാണ് അറിയപ്പെട്ടിരുന്നത്. അന്നത്തെ വിരിപ്പ് കൃഷിക്ക് നൊരി വെക്കലിന് കരിയിൽ തന്നെ സംവിധാനം ഉണ്ടാക്കി പരീക്ഷിച്ചിട്ടുണ്ട്. മേലൂർ നെറ്റിക്കാടൻ കുഞ്ഞുവറിയത് കുഞ്ഞിലക്കുട്ടിയാണ് ഭാര്യ .



ഗീവർഗീസ്     കുഞ്ഞിലക്കുട്ടി

ഈ ദമ്പതികൾക്ക് കുഞ്ഞുവറിയത്, ജോസ്, കൊച്ചുദേവസ്സി, Rev. Sr. Joseph Sartho, തോമാസ്, അന്തോണി, എന്നിങ്ങനെ ആറ് മക്കളായിരുന്നു. ഗീവർഗീസ് 7/11/1976 ലും കുഞ്ഞിലക്കുട്ടി 1/5/1969 ലും ഈ ലോകവാസം വെടിഞ്ഞു

**കുഞ്ഞുവറിയത്**

ഗീവർഗീസ് കുഞ്ഞിലിക്കുട്ടി ദമ്പതികളുടെ മൂത്തമകനായി 171922ൽ കുഞ്ഞുവറിയത് ജനിച്ചു. ഐരൂർ ചിറക്ക മണവാളൻ തോമൻ മകൾ കൊച്ചമ്മയെ വിവാഹം കഴിച്ചു.



കുഞ്ഞുവറിയത് കൊച്ചമ്മ

ഇവർക്ക് ജോർജ്ജ്, എൽസി, ടോമി, ജോയി, മേരി, സെബാസ്റ്റ്യൻ, ആന്റു, പോളി  എന്നീ എട്ടു മക്കൾ ഉണ്ട്.

**ജോർജ്ജ്**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ മൂത്ത മകനായി 8/5/1945ൽ ജനിച്ചു. വാഴക്കുളം കൂട്ടുകൽ ജോൺ മകൾ മേഴ്സിയാണ് ഭാര്യ . K.S.R.T.C.-ൽ ജോലി ചെയ്ത് വിരമിച്ചു. മേഴ്സി 05/12/2024 ൽ നിര്യാതയായി.



ജോർജ്ജ്     മേഴ്സി

**എൽസി**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളായി എൽസി ജനിച്ചു. മേലൂർ നെറ്റിക്കാടൻ

അന്തോണി ജോസ് എൽസിയെ വിവാഹം കഴിച്ചു. ഇരുവരും ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നു.



ജോസ്    എൽസി

**<u>ടോമി</u>**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി ടോമി ജനിച്ചു. ആലങ്ങാട് കളപറമ്പത്ത് ലോനപ്പൻ മകൾ ലിസിയാണ് ഭാര്യ . ഈ ദമ്പതിമാർക്ക് ലിമി, സിമി, നിമി എന്നീ മൂന്നു മക്കളാണ്. ടോമി K.S.R.T.C.ൽ ജോലി ചെയ്ത് വിരമിച്ചു. കോഴിക്കോട് കുറ്റ്യാടി പള്ളിത്താഴത്ത് ഷൈൻ അലക്സ് , ലിമിയെ വിവാഹം കഴിച്ചു.സിമിയെ പുത്തൻവേലിക്കര കുടിയിരിക്കൽ തോമസ് മകൻ ലിജോ വിവാഹം ചെയ്തു. നിമിയെ പള്ളിത്താഴം വീട്ടിൽ അലക്സാണ്ടർ വിവാഹം ചെയ്തു. ടോമി 3/4/2011 ൽ നിര്യാതനായി.



ടോമി ലിസി കുടുംബം.



ഷൈൻ അലക്സ് & ലിമി

**<u>ജോയി</u>**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ നാലാമത്തെ മകനായി ജോയി ജനിച്ചു. താണിശ്ശേരി പോട്ടപ്പറമ്പൻ വറിയത് മകൾ മറിയാമ്മയെ വിവാഹം ചെയ്തു.



ജോയി   മറിയാമ്മ

ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ജോബിയും ജെബിയും.

**ജോബി**

ജോയി  മറിയാമ്മ ദമ്പതികളുടെ മൂത്ത മകൻ ജോബി പുത്തൻചിറ പൈനാടത്ത് വീട്ടിൽ കുര്യൻ മകൾ ലയയെ വിവാഹം ചെയ്തു. ഇവർ അയർലണ്ടിൽ ജോലി ചെയ്യുന്നു .



**ജിബി**

ജോയ്  മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൻ ജിബി വെസ്റ്റ് കൊരട്ടി കരുമാലിക്കൽ  വീട്ടിൽ ഡേവിസിന്റെ മകൾ ശില്പയെ വിവാഹം ചെയ്തു ഈ ദമ്പതികൾക്ക്  രണ്ട് മക്കൾ  ജോഷ്വാ, ജെസ്‌വിൻ.



**മേരി**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകളായി മേരി ജനിച്ചു. ചെറായി പെരുമായൻ ജോസഫ് സൈമൺ മേരിയെ വിവാഹം കഴിച്ചു. ഇരുവരും കേരള ഗവ.സർവ്വീസിൽ ജോലി നോക്കുന്നു.



സൈമൺ    മേരി

**സെബാസ്റ്റ്യൻ**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ ആറാമത്തെ മകനായി സെബാസ്റ്റ്യൻ ജനിച്ചു. കല്ലൂർ കവലക്കാട്ട് കുഞ്ഞിച്ചെറിയ ഡെയ്സിയെ വിവാഹം കഴിച്ചു. ഇവർക്ക് ആൽവിൻ, ആൻമരിയ എന്നീ രണ്ട് മക്കളാണ്.



**ആന്റു**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ ഏഴാമത്തെ മകനായി ആന്റു ജനിച്ചു. കാരപറമ്പിൽ കൊച്ചുത്രേസ്യയാണ് ഭാര്യ.  ഇവർക്ക് രണ്ട് മക്കൾ അനൂപ്, ഐശ്വര്യ. ഇപ്പോൾ ബാംഗ്ലൂരിൽ ഇവർ ബിസ്നസ്

നടത്തുന്നു. ഐശ്വര്യയെ കോട്ടയം മണിമല കരികാട്ടൂർ കൂത്രപ്പള്ളിയിൽ ലിറ്റിൽ തോമസ് വിവാഹം ചെയ്തു.



ആന്റുവും കുടുംബവും

**<u>പോളി</u>**

കുഞ്ഞുവറിയത് കൊച്ചമ്മ ദമ്പതികളുടെ എട്ടാമത്തെ മകനായി പോളി ജനിച്ചു. നെല്ലിനാട്ട് വെട്ടിയാടൻ കൊച്ചുവറിയത് മകൾ മേഴ്‌സിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ ടോൾസി, അലോഷ്. പോളി ഡ്രൈവറായി ജോലി ചെയ്യുന്നു. ടോൻസിയെ വരാപ്പുഴ ഊരകത്ത് വീട്ടിൽ ജോസഫ് ലൂസിയ ദമ്പതികളുടെ മകൻ രഞ്ജിത്ത് വിഹാഹം ചെയ്തു.



പോളി മേഴ്‌സി കുടുംബം.

**ജോസ്**

ഗീവർഗീസ് കുഞ്ഞിലക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകനായി ജോസ് 28/4/1922 ൽ ജനിച്ചു. പാറക്കടവ് പാനികുളം ഔസേപ്പ് സിസിലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ബാബു, ഷേർളി, ജോളി, സിജോ, ജിജോ എന്നീ അഞ്ച് മക്കളാണ്. ജോസ് 28/11/2001 ൽ നിര്യാതനായി.



ജോസ് സിസിലി

**ബാബു**

ജോസ് സിസിലി ദമ്പതികളുടെ മൂത്ത മകനായി ബാബു ജനിച്ചു. താണിശ്ശേരി പാലയൂർ ആന്റണി മകൾ മേഴ്‌സിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നദാഷ, അലക്സാണ്ടർ എന്നീ രണ്ട് മക്കളാണ്. ഈ കുടുബം ബഹറിനിൽ ജോലി ചെയ്യുന്നു. ബാബു-മേഴ്‌സി ദമ്പതികളുടെ മകൾ നടാഷ (B.Tech Electrical & Media: Masters in Marketing and International Business) ഇപ്പോൾ ദുബായിൽ സെയിൽസ് എൻജിനീയറായി ജോലി ചെയ്യുന്നു. ജോസ് റാഫേൽ മകൻ ജോയൽ റാഫി നടാഷയെ വിവാഹം ചെയ്തു. ജോയൽ ഇപ്പോൾ ദുബായിൽ അക്കൗണ്ടസ് മാനേജരായി ജോലിയിലാണ്. ബാബു-മേഴ്‌സി ദമ്പതികളുടെ മകനായ അലക്സാണ്ടർ (BBA,PGDM) ഇപ്പോൾ ചെന്നൈയിൽ C-8 HR മാനേജർ ആയി ജോലി ചെയ്യുന്നു.



അലക്സാണ്ടർ , പത്തനംതിട്ട, റാന്നി ചാലുമാറ്റു വീട്ടിൽ എബ്രഹാം വർഗീസ് .. ആൻസി ദമ്പതികളുടെ മകൾ സാനിയയെ 14.01.2024 ൽ വിവാഹം ചെയ്തു.



**ഷേർളി**

ജോസ് സിസിലി ദമ്പതികളുടെ രണ്ടാമത്തെ മകളായി ഷേർളി ജനിച്ചു. തുറവൂർ വൈക്യമഠത്തിൽ ആന്റണി ജോർജ്ജ് വിവാഹം കഴിച്ചു.



ജോർജ്ജ് ഷേർളി.

**ജോളി**

ജോസ് സിസിലി ദമ്പതികളുടെ മൂന്നാമത്തെ മകളായി 24/4/1968 ൽ ജോളി ജനിച്ചു. ഹോളി ഫാമിലി സന്ന്യാസിനി സമൂഹത്തിൽ അംഗമായി. 25/11/1989 സിസ്റ്റർ ജോളി ജോസഫ് എന്ന നാമധേയം സ്വീകരിച്ച് സഭാ വസ്ത്രം സ്വീകരിച്ചു. 14/5/1996 ൽ നിത്യവ്രതാർപ്പണം നടന്നു. സെന്റ് ജോസഫ്സ് കോൺവെന്റ് കോട്ടുസാവരയിലും സെന്റ് ജോൺസ് കോൺവെന്റ് ലാൻസ് ഡൗവെയിനിലും ടീച്ചറായി ജോലി നോക്കിയിട്ടുണ്ട്.



Rev.Sr. ജോളി ജോസഫ്

**സിജോ**

ജോസ് സിസിലി ദമ്പതികളുടെ നാലാമത്തെ മകനായി സിജോ ജനിച്ചു. മൂക്കന്നൂർ കുളങ്ങര വർഗീസ് മകൾ ബിജിയെ വിവാഹം കഴിച്ചു. സോഫിയ, സ്റ്റെഫി, കുഞ്ഞുമോൾ ഇവരുടെ മക്കളാണ്. ഈ കുടുംബം സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. സോഫിയ ഇപ്പോൾ ബൾഗേറിയയിൽ DDS (Doctor of Dental Surgery) നു പഠിക്കുന്നു. സ്റ്റെഫി ഇപ്പോൾ ബാംഗ്ലൂരിൽ B.Sc Nursing നു പഠിക്കുന്നു.



**ജിജോ**


ജോസ് സിസിലി ദമ്പതികളുടെ അഞ്ചാമത്തെ മകനായി ജിജോ ജനിച്ചു. കണ്ണൂർ പയ്യാവൂർ കാഞ്ഞിരംതറപ്പേൽ എസ്തപ്പാൻ മകൾ ജന്നിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ ജോനാത്ത്, ജെസ്‌ലിൻ. ഈ ദമ്പതികൾ ഇറ്റലിയിൽ ജോലി ചെയ്യുന്നു.



ജിജോ ജന്നി കുടുംബം.

**കൊച്ചുദേവസ്സി**

ഗീവർഗീസ് കുഞ്ഞിലക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ മകനായി കെച്ചുദേവസ്സി 10/5/1934 ൽ ജനിച്ചു. മാമ്പ്ര പറമ്പി വറിയതമകൾ ആനിയെ 6/12/1967ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ജിയോ,ജെബി എന്നീ മൂന്നു മക്കളാണ്. കൊച്ചുദേവസ്സി 30/5/1991 ലും, ആനി 12/10/1999 ലും നിര്യാതരായി.



കെച്ചുദേവസ്സി ആനി

**ജിയോ**

കൊച്ചുദേവസ്സി ആനി ദമ്പതികളുടെ മുത്ത മകനായി ജിയോ ജനിച്ചു. കുന്നുകര എലവത്തുങ്കൽ ഔസേപ്പ് മകൾ ഷീബയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഷെൽസൻ, ജോഫ്സൺ. ജിയോ 14/8/2003ൽ നിര്യാതനായി.



ജിയോ ഷീബ കുടുംബം.

**ജിനോ**

കൊച്ചുദേവസ്സി ആനി ദമ്പതികളുടെ രണ്ടാമത്തെ മകനായി ജിനോ ജനിച്ചു. വിതയത്തിൽ ചാക്കപ്പൻ മകൾ സിനി B.A,B.Ed നെ വിവാഹം കഴിച്ചു. സിനി അദ്ധ്യാപികയാണ്. ഇവർക്ക് രണ്ട് മക്കൾ ആൻമരിയ, എയ്ഞ്ചൽ റോസ്. ജിനോ നല്ല ഒരു കർഷകനാണ്. ഇപ്പോൾ ബിസ്നസ്സ് നടത്തുന്നു.



ജിനോ സിനി കുടുംബം.

**ജെബി B.Com**

കൊച്ചുദേവസ്സി ആനി ദമ്പതികളുടെ ഇളയ മകളായി 3/6/1972ൽ ജെബി ജനിച്ചു. B.Com ബിരുദധാരിയാണ്. തെക്കേ വാഴക്കുളം കുര്യക്കാട്ട് ചാക്കോ സാബു മാത്യു ജെബിയെ വിവാഹം കഴിച്ചു. സാബു മാത്യു വിദേശത്ത് ജോലി ചെയ്തിരുന്നു. എബിൻ, എൽവിൻ, സാൽവിൻ എന്നീ മൂന്നു മക്കളാണ് ഇവർക്കുള്ളത്.



ജെബി സാബു മാത്യു കുടുംബം.

**മേരി (Rev. Sr. Joseph Sartho)**

ഗീവർഗീസ് കുഞ്ഞിലക്കുട്ടി ദമ്പതികളുടെ ഏക മകളായി മേരി (സി. സാർത്തോ) 16/3/1937 ൽ ജനിച്ചു. ഹൈസ്കൂൾ പഠനത്തിന്നുശേഷം 27/7/1958 ൽ സൊസൈറ്റി ഓഫ് ജീസസ് മേരി ആന്റ് ജോസഫ് കോൺഗ്രിഗേഷനിൽ ചേർന്ന 28/1/1966 ൽ നിത്യവ്രത വാഗ്ദാനം നടത്തി. ഗുണ്ടൂർ, ഹൈദരബാദ്, കർണൂൽ, സാതനപിള്ളി, ബാംഗ്ലൂർ, ഓംഗോൾ, കൊയിൽകണ്ടരാജ്, ജാംഷഡ്പൂർ എന്നീ മഠങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.



Rev. Sr. Joseph Sartho

നോവീസ് മിസ്ട്രസ്, സുപ്പീരിയർ, വാർഡൻ, കൺസ്ട്രക്ഷൻ ജോലി എന്നീ നിലകളിൽ മഠത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 27/5/2005ൽ Rev. Sr.Sartho നിര്യാതയായി.

**തോമസ്**

ഗീവർഗീസ് കുഞ്ഞിലക്കുട്ടി ദമ്പതികളുടെ നാലാമത്തെ മകനായി തോമസ് ജനിച്ചു. വിദ്യാഭ്യാസത്തിനു ശേഷം ലോർഡ് കൃഷ്ണ ബാങ്കിന്റെ വിവിധ തസ്തികകളിൽ സേവനം ചെയ്ത് വിരമിച്ചു. കാടുകുറ്റി കവലക്കാട്ട് വട്ടോലി വർജക്തസ് മകൾ അൽഫോൻസയാണ് സഹധർമ്മണി. ഈ ദമ്പതികൾക്ക് ബിജി, ജോർജ്ജ്, ജോസഫ്, ബിനി എന്നീ നാല് മക്കൾ. തോമസ് 06.01.2020 ൽ നിര്യാതനായി.



തോമസ് അൽഫോൻസ

**ബിജി**

തോമസ് അൽഫോൻസ ദമ്പതികളുടെ മൂത്ത മകൾ. BSc,B.Ed. പാസായി ടീച്ചറായി ജോലി നോക്കുന്നു. കുത്തിയതോട് കോട്ടക്കൽ തോമസ് മകൻ സജിമോൻ(എഞ്ചിനിയർ) ബിജിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകനും ഒരു മകളുമാണ്.



സജിമോൻ    ബിജി  കുടുംബം.

**ജോർജ്ജ്**

തോമസ്  അൽഫോൻസ ദമ്പതികളുടെ മൂത്ത മകൻ ജോർജ്ജ്. സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനിയറാണ്.



ജോർജ്ജ് —റീജ  കുടുംബം.

ബാംഗ്ലൂരിൽ സിസ്കൊ സിസ്റ്റത്തിൽ ജോലി നോക്കുന്നു. ഔദ്യോഗിക കൃത്യത്തിന്റെ ഭാഗമായി അമേരിക്ക, ജർമ്മനി, ആസ്ട്രേലിയ, സിംഗപ്പൂർ, മലേഷ്യ, എന്നീ രാജ്യങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കോടുശ്ശേരി മഞ്ഞളി ചെറിയാന്റെ മകൾ റീജയാണ്  ഭാര്യ . ഇവർക്ക് രണ്ട് മക്കൾ : കാതറിൻ, ക്രിസ്റ്റീന.

**ജോസഫ്**

തോമസ് അൽഫോൻസ ദമ്പതികളുടെ ഇളയ മകൻ ജോസഫ്. കംപ്യൂട്ടർ ഹാർഡ്‌വെയർ ഡിപ്ലോമ പാസായി. തുറവൂർ മംഗലി പോളി മകൾ ധന്യയാണ് ഭാര്യ. ഇവർക്ക്  രണ്ട് മക്കൾ: സേറ, സാൻടോം. ഇറ്റലിയിൽ ജോലിയിൽ ആയിരുന്ന ജോസഫ്  ഇപ്പോൾ  നാട്ടിൽ  ബിസിനസ്സിൽ  ഏർപ്പെട്ടിരിക്കുന്നു.



ജോസഫ്  ധന്യ കുടുംബം.

**ബിനി**

തോമസ് അൽഫോൻസ ദമ്പതികളുടെ ഇളയ മകൾ ബിനി. B.Com.,TTC. പാസായി. ചാലക്കുടി മൂത്തേടൻ ആന്റണി മകൻ ജോഷി ബിനിയെ വിവാഹം കഴിച്ചു. ഇവർക്ക്  മൂന്ന് മക്കൾ:  മെറിൻ, ഗ്രേസ്, ആൻമേരി. ജോഷി ദുബായിൽ എഞ്ചിനിയറായി ജോലി നോക്കുന്നു.



ജോഷി   ബിനി  കുടുംബം.

**ആന്റണി**

ഗീവർഗീസ് കുഞ്ഞിലക്കുട്ടി ദമ്പതികളുടെ ഇളയ മകനായി ആന്റണി 16/9/1946 ൽ ജനിച്ചു. TTC, പാസായി ഗവ.സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പൊതു പ്രവർത്തകൻ, കായിക താരം, സംഗീത പ്രേമി, അനൗൺസർ, പ്രസംഗകൻ, എന്നീ തലങ്ങളിൽ ആന്റണി ശോഭിച്ചിരുന്നു. നടവരമ്പ് പാറേക്കാടൻ ലോനപ്പൻ മകൾ ട്രീസയാണ് സഹധർമ്മണി. കാക്കിനിക്കാട് ഗവ.സ്കൂൾ പ്രധാന അദ്ധ്യാപികയായി ട്രീസയും

മഞ്ഞപ്ര നടുവട്ടം ഗവ.സ്കൂൾ പ്രധാന അദ്ധ്യാപകനായി ആന്റണിയും സർവീസിൽ നിന്നും വിരമിച്ചു. ഇപ്പോൾ AMP സൻമാർ, റിലയൻസ് എന്നീ ഇൻഷൂറൻസ് കമ്പനികളിൽ അഡ്വൈസറായി പ്രവർത്തിക്കുന്നു. ജോലി സംബന്ധമായി ആസ്ട്രേലിയ, സിങ്കപ്പൂർ, ശ്രീലങ്ക, ജൊഹനസ്ബർഗ്, കേപ്ടൌൺ, എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കൂടാതെ ഇസ്രായേൽ, പാലസ്റ്റീൻ, ഈജിപ്റ്റ്, തുടങ്ങിയ വിശുദ്ധ നാടുകളും കുടംബ സമേതം സന്ദർശിക്കുവാൻ ഭാഗ്യം ലഭിച്ചീട്ടുണ്ട്. ഈ ദമ്പതിമാർക്ക് ബിജു, ബ്ലിസൻ എന്നീ രണ്ട് ആൺ മക്കളാണ്.



**ബിജു**

ആന്റണി ട്രീസ ദമ്പതികളുടെ മൂത്തമകൻ ബിജു 12/10/1973 ൽ ജനിച്ചു. MBA പാസായ ബിജു ഇപ്പോൾ ICICI ബാങ്ക് മാനേജരായി ജോലി ചെയ്യുന്നു. കുമ്പിടി തെക്കിനിയൻ ജോസ് മകൾ ബിൻസി B.Sc, B.Ed. ആണ് ഭാര്യ എറണാകുളം KID CAMP ൽ അദ്ധ്യാപികയാണ് ബിൻസി.ഇവർക്ക് രണ്ട് മക്കൾ: ടെസ്സമേരി,

ജോഹാൻ ജോസഫ്. ടെസ്സ മേരി ഇപ്പോൾ MBBS ന് പഠിക്കുന്നു.



**ബ്ലിസൻ**

ആന്റണി ട്രീസ ദമ്പതികളുടെ ഇളയ മകൻ ബ്ലിസൻ 26/1/1979 ൽ ജനിച്ചു. BHM. പാസായി. Austin ആസ്ഥാനമായ GLG Council എന്ന Marketing Research സ്ഥാപനത്തിന്റെ ഇന്ത്യയിലെ Freelance Consultant, Career Advisor, Management Trainee, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ കൊച്ചിയിൽ Centre Square Mall ൽ ഹെഡ് ആയി ജോലി നോക്കുന്നു. വാൽപാറ പാലമിറ്റത്ത് തോമസ് മകൾ ബിനി BCA. യാണ് ഭാര്യ. ഇവർക്ക് ഒരു മകൻ ഐറിക് ആന്റണി. ബിനി ഇപ്പോൾ എറണാകുളത്തുള്ള VEBIC academy യിൽ Director ആയി ജോലി ചെയ്യുന്നു.



ബ്ലിസൻ ബിനി കുടുംബം.

**കുഞ്ഞുവറിയത് ദേവസ്സി (ദേവസ്സി മാസ്റ്റർ)**

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ ഇളയ മകനായി ദേവസ്സി 2001 ജനുവരി 20ാം തിയതി ജനിച്ചു. വിദ്യാഭ്യാസത്തിന് ശേഷം കൊരട്ടി സ്കൂളിൽ അദ്ധ്യാപകനായി. തുടർന്ന് പൂവ്വത്തുശ്ശേരി SSLP സ്കൂളിൽ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. നല്ല ഒരു പ്രാസംഗികനും, കലാപ്രേമിയും കുടിയായിരുന്നു ദേവസ്സി മാസ്റ്റർ. കൊങ്ങോർപ്പിള്ളി കോയിക്കര പാപ്പു മറിയത്തെ ദേവസ്സി വിവാഹം കഴിച്ചു.



ദേവസ്സി        മറിയം

ഈ ദമ്പതികൾക്ക് ജോസഫ്, കൊച്ചുത്രേസ്യ (Rev.Sr.Geremey), റോസി (Rev.Sr.Sara), വർഗീസ് , സൂസന്ന (Rev. Sr.Susan Mariya), ജോണി, ജിമ്മി എന്നീ ഏഴു മക്കൾ ജനിച്ചു.

**ജോസഫ് (പാപ്പു)**

ദേവസ്സി  മറിയം ദമ്പതികളുടെ മൂത്ത മകനായി ജോസഫ് ജനിച്ചു. ഇൻഡ്യൻ റെയിൽവേ  സർവ്വീസിൽ സേവനം ചെയ്ത് വിരമിച്ചു. പാറയിൽ കുടിയിരിപ്പി കൊച്ചുമാത്തു മകൾ സുശീലയാണ് ഭാര്യ. ഇവർക്ക് ഒരു മകൾ മിനി. ജോസഫ്  02.03.2015 ൽ നിര്യാതനായി.



ജോസഫ്  സുശീല

**മിനി**

ജോസഫ്  സുശീല ദമ്പതികളുടെ ഏക മകളാണ് മിനി. മിനി M.Sc., M.Phil. പ്രൊഫസറാണ്.



ബെൻജോസ്    മിനി

കോടിക്കുളം പുത്തൻകുളം ജോർജ് ബെൻജോസ് B.Tec മിനിയെ വിവാഹം കഴിച്ചു.  ഇവർക്ക് ഒരു മകൻ: സിറിൽ. ബെൻജോസ് 11.10.2025 ൽ നിര്യാതനായി.

**കൊച്ചുത്രേസ്യ    (Rev. Sr. Jeremy)**

ദേവസ്സി മറിയം ദമ്പതികളുടെ മൂത്തമകളായി 10/4/1936ൽ കൊച്ചു ത്രേസ്യ (Rev. Sr. Jeremy) ജനിച്ചു. 1953 ൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്ശേഷം തൃശൂർ സെന്റ് മേരീസ് കോളേജിൽ പ്രവേശിച്ചു. 1958ൽ   B.A. പാസായി. സഭാ വസ്ത്രസ്വീകരണം 10/5/1958 ൽ ആയിരുന്നു. ഫ്രാൻസിസ്കൻ കോൺഗ്രിഗേഷനിൽ ആദ്യ പ്രൊഫഷൻ 1960 ലും, 1963 ൽ ആഗ്ര കത്തിഡ്രലിൽ വച്ച് ഫൈനൽ പ്രൊഫഷനും നടന്നു.



കൊച്ചുത്രേസ്യ  (Rev. Sr. Jeremy )

1958 മുതൽ 1963 വരെ ചാലക്കുടി തൃശൂർ ഗുരുവായൂർ എന്നീ മഠങ്ങളിലായിരുന്നു. 1963 മുതൽ വടക്കേ ഇൻഡ്യയിലായിരുന്നു പ്രവർത്തനമേഖല. സാൻ ഡൊമിയാനോ കോൺവെന്റ് ആഗ്ര, അസീസി കോൺവെന്റ് നജീബ ബാദ്, സേക്രട്ട് ഹാർട്ട് കോൺവെന്റ് ലക്കിംപൂർ, കോയമ്പത്തൂർ ഗാന്ധിപുരം  എഇ. കോൺവെന്റ്,

എന്നിവിടങ്ങളിൽ ജോലി നോക്കിയിട്ടുണ്ട്. ഇതിനിടെ ആഗ്ര യൂണിവേഴ്സിറ്റിയിൽ നിന്നും MA.യും അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും B.Ed ഉം പാസായി. പ്രിൻസിപ്പാൾ, മദർ സൂപ്പീരിയർ, മിഷൻ കൗൺസിലർ പ്രൊവിൻഷ്യാൾ (പാലക്കാട് പ്രൊവിൻസ്), CRI. പ്രസിഡന്റ്, എക്സിക്യൂട്ടീവ് മെമ്പർ എന്നീ നിലകളിൽ സി.ജെരേമി പ്രവർത്തിച്ചിട്ടുണ്ട്. പൊൽപ്പുള്ളി F.C. കോൺവെന്റിൽ സേവനം ചെയ്തിരുന്ന സി .ജെറോമി 26.03.2019 ൽ നിര്യാതയായി.

**റോസി (Rev. Sr. Sara)**

ദേവസ്സി മറിയം ദമ്പതികളുടെ രണ്ടാമത്തെ മകളായി 20/1/1940ൽ റോസി (Sr. Sara) ജനിച്ചു.



റോസി (Rev. Sr. Sara FCC)

ഹിന്ദിയിൽ വിദ്വാനും, ടീച്ചേഴ്സ് ട്രെയിനിങ്ങും പാസായി ഫ്രാൻസിസ്കൻ കോൺഗ്രിഗേഷനിൽ ചേർന്നു. ആദ്യ പ്രൊഫഷൻ 6/9/1963ലും ഫൈനൽ പ്രൊഫഷൻ 6/9/1965ലും നടന്നു. ചാലക്കുടി S.H.C.G.H.S ൽ ഹിന്ദി ടീച്ചറായും സേക്രഡ് ഹാർട്ട് കോൺവെന്റിൽ ജൂനിയർ മിസ്ട്രസായും ജോലി ചെയ്തു. പൊയ്യ FC കോൺവെന്റിൽ. സേവനം ചെയ്തിരുന്ന സി. സാറ 16.11.2021 ൽ നിര്യാതയായി.

**വർഗീസ്**

ദേവസ്സി മറിയം ദമ്പതികളുടെ രണ്ടാമത്തെ മകനായി വർഗീസ് ജനിച്ചു. ചെറുപ്പത്തിൽത്തന്നെ ഈ ലോകത്തോട് വിട പറഞ്ഞു.



വർഗീസ്

**സൂസന്ന (Rev. Sr. Susan Mariya FCC.)**

ദേവസ്സി മറിയം ദമ്പതികളുടെ മൂന്നാമത്തെ മകളായി സൂസന്ന 2/10/1945 ൽ ജനിച്ചു. 1962 ൽ SSLC പാസായി TTC കഴിഞ്ഞ് മൂന്നു വർഷം ജോലി നോക്കിയശേഷം ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ 1968ൽ ചേർന്നു. ഇതിനിടെ സി.സൂസൻ BA.,B.Ed.പാസായി. 4/5/1970 ൽ ഫസ്റ്റ് പ്രൊഫഷനും 4/5/1976 ൽ ഫൈനൽ പ്രൊഫഷനും നടന്നു. KVM. UP. School പൊൽപ്പുള്ളിയിലും മംഗലംഡാമിലും ടീച്ചറായി ജോലി നോക്കിയിട്ടുണ്ട്.



സൂസന്ന (Rev. Sr. Susan Mariya FCC.)

സി.സൂസൻമരിയ Seraphic Novitiate, മംഗലംഡാം, മേട്ടുപ്പാളയം സാൻജോ കോൺവെന്റ് എന്നിവിടങ്ങളിൽ സുപ്പീരിയർ ആയി സേവനം ചെയ്തിട്ടുണ്ട്. നീതിപുരം F.C. Convent ൽ സേവനം ചെയ്തിരുന്ന. സി. സൂസന്ന 22.06.2017 ൽ നിര്യാതയായി.

**ജോണി . MSc, CAIIB**

ദേവസ്സി മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി ജോണി 2/10/1947 ൽ ജനിച്ചു. M.Sc.CAIIB ബിരുദധാരിയാണ്. കാത്തലിക് സിറിയൻ ബാങ്കിൽ ചീഫ് മാനേജരായി ജോലി ചെയ്യവെ VR. സ്കീമിൽ റിട്ടയർ ചെയ്തു. കരാഞ്ചിറ ആലപ്പാട്ട് ആന്റണി ഫിലോ B.A.,B.Ed നെ 27/1/1974ൽ വിവാഹം കഴിച്ചു. ഇവർക്ക് ട്രീസ, മേരി എന്ന ഇരട്ടകുട്ടികൾ. പൂവ്വത്തുശ്ശേരി St. Joseph's HS. ൽ അദ്ധ്യാപികയായിരുന്ന ഫിലോ 24/3/2007 ൽ നിര്യതയായി. ശ്രീ.I.D.Johny St. Joseph's church Poovathussery parish bulletin chief editor, Church construction committee finanace Convenor, Charitable trust sambadhya pathadhi executive member എന്നീ നിലകളിൽ സേവനം ചെയ്തീട്ടുണ്ട്. കൂടാതെ Jordan, Israel, Palastine, Egypt, Dead Sea എന്നീ സ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ട്.



ജോണി ഫിലോ

**ട്രീസ**

ജോണി ഫിലോ ദമ്പതികളുടെ മകൾ ട്രീസ M.Sc.,B.Ed. ബിരുദധാരിയാണ്. അരണാട്ടുകര മുട്ടിക്കൽ എലവത്തുങ്കൽ Dr.ജോസിന്റെ മകൻ ക്രിസ്റ്റോ B.Tec. ആണ് വിവാഹം കഴിച്ചിരക്കുന്നത്. ക്രിസ്റ്റോ ഇപ്പോൾ കംപ്യൂട്ടർ എയ്ഡഡ് ഡിസൈൻസ് ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ മരിയ, കെവിൻ



ക്രിസ്റ്റോ ട്രീസ കുടുംബം.

**മേരി**

ജോണി ഫിലോ ദമ്പതികളുടെ മകൾ മേരി M.Sc.,B.Ed ബിരുദധാരിയാണ്. മേരിയെ ഇരിങ്ങാലക്കുട ചിറമേൽ അവറാൻ ജോജോ B.Tec. വിവാഹംകഴിച്ചു. ജോജോ ഇപ്പോൾ ദുബായിൽ ജോലി നോക്കുന്നു. ഇവർക്ക് രണ്ട് മക്കൾ : റോസ്, കുര്യൻ.



ജോജോ മേരി കുടുംബം.

**ജിമ്മി**

ദേവസ്സി മറിയം ദമ്പതികളുടെ ഇളയമകനായി ജിമ്മി 2/3/1950ൽ ജനിച്ചു. ജിമ്മി കാഞ്ഞൂർ പാറയ്ക്ക കെച്ചുപൗലോ മകൾ ആലീസിനെ 22/6/1980 ൽ വിവാഹം കഴിച്ചു. ഇവർക്ക് ഡേവീസ്, പോളച്ചൻ എന്ന രണ്ട് മക്കൾ.



ജിമ്മി ആലീസ് ഡേവീസ് പോളച്ചൻ

**ഡേവീസ് B.Com Nursing**

ജിമ്മി - ആലിസ് ദമ്പതികളുടെ മകനായ ഡേവിസ്, പുല്ലുവഴി പൂണേലിൽ ജോസ് മകൾ റീനിനെ (MSc.Bed) വിവാഹം ചെയ്തു. രണ്ടു പേരും ബഹ്റിനിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ :- ജൂവൽ , നോയൽ.

**പോളച്ചൻ B.Com,MBA**

ജിമ്മി - ആലിസ് ദമ്പതികളുടെ ഇളയ മകനായ പോളച്ചൻ രാമപുരം എഴാച്ചേരി നെടുമ്പിള്ളിയിൽ ജോർജ് മകൾ ഡെൽനയെ (M.Tech) വിവാഹം ചെയ്തു . രണ്ടു പേരും കാനഡയിൽ ജോലി ചെയ്യുന്നു.

**ത്രേസ്യക്കുട്ടി**

കുഞ്ഞുവറിയത് ത്രേസ്യ ദമ്പതികളുടെ ഇളയമകൾ മാള എടാട്ടുകാരൻ കുഞ്ഞുവറിയത് വിവാഹം കഴിച്ചു.



കുഞ്ഞുവറിയത് ത്രേസ്യക്കുട്ടി

ഈ ദാമ്പത്യത്തിൽ അന്തോണികുട്ടി, ചാക്കോ, കൊച്ചുതോമൻ, ജോസ്, വർജക്തസ്, മറിയംകുട്ടി, Rev. Sr. Anitha, സൂസൻ എന്നിങ്ങനെ ഏട്ട് മക്കളാണ്.